# സർഗ്ഗസ്പർശം

little KITEs

ESTD. 1976

Vidya Vinayen Shobhate

## St Joseph's HS Pullurampara



# ST.JOSEPH'S HSS PULLURAMPARA KOZIKODE



## VISION

The vision of our school is to prepare citizens who are well aware of their social responsibility to work for building a prosperous nation .

## MISSION

1. To shower love on all especially to the children entrusted to our care.
2.To dedicate ourselves to foster individuals spiritually ,physically and intellectually so that they may have a mature vision of life.
3. To inspire students to live up to their full social commitment .

## Goals

1.To inculcate gospel values of love,truth and justice.
2.To impart education especially to the girl child , the poor and the marginalized.
3.To provide equality education to stand for quality all its aspects.
4.to train the children for good family life social life

# St.JOSEPH

## Our Heavenly Patron



# ആശംസ

## Our Corporate Manager
## ഫാ.സെബാസ്റ്റ്യൻ പുരയിടത്തിൽ



ആധുനിക സാങ്കേതികവിദ്യ വിപ്ലവകരമായ മാറ്റങ്ങളാണ് ശാസ്ത്രലോകത്തിനും ഒപ്പം സമകാലിക സാഹിത്യ സൃഷ്ടികൾക്കും സമ്മാനിച്ചിരിക്കുന്നത്. ലോകം ഡിജിറ്റൽ യുഗത്തിലേക്ക് പറന്നുയരുമ്പോൾ പുല്ലൂരാംപാറ സെൻറ് ജോസഫ് ഹൈസ്കൂൾ 'സർഗ്ഗസ്പർശം' എന്ന ഡിജിറ്റൽ മാസികയ്ക്ക് രൂപകല്പന നൽകുന്നുവെന്നത് ഏറെ സ്വാഗതാർഹമാണ്. കാലത്തിന്റെ ചുവരെഴുത്തുകൾ ഉൾക്കൊണ്ട് കാലികപ്രാധാന്യമുള്ള സങ്കേതങ്ങളിലൂടെ പുതുതലമുറയിലേക്ക് കൈമാറുന്ന ഈ ഡിജിറ്റൽ മാസിക സാധാരണക്കാരന്റെ പൊതു വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും വിശാലമായ ലോകത്തിന്റെ ചക്രവാളങ്ങളിലേക്ക് ചിറകടിച്ചുയരാൻ സാധ്യതകൾ ഒരുക്കുകയാണ്. ഈ നവ സംരംഭത്തിന് എല്ലാ വിജയങ്ങളും നേരുന്നു.

Corporate Manager

FR. SEBASTIAN PURAYIDATHIL
CORPORATE MANAGER
CORPORATE EDL AGENCY
DIOCESE OF THAMARASSERY

# ആശംസ

## Our Manager

## ഫാ.ജോൺ കളരിപ്പറമ്പിൽ



പുല്ലൂരാംപാറ സെൻറ് ജോസഫ് ഹൈസ്ക്കൂളിലെ കുട്ടികളുടെ
സൃഷ്ടിയിലൂടെ കടന്നുപോയത് ഏറെ അത്ഭുതത്തോടെയാണ്.
കുഞ്ഞുങ്ങളുടെ കഴിവും മിഴിവും അതിൽ ഞാൻ പ്രകടമായി കണ്ടു.
ആശയസംപുഷ്ടമായ ലേഖനങ്ങളും, കഥാ ആവിഷ്കാരങ്ങളും,
നുറുങ്ങു കവിതകളും ഈ ഡിജിറ്റൽ മാഗസിനെ
മനോഹരവും ഈടുറ്റതുമാക്കുന്നു.

അമ്മയെ ആധാരമാക്കി രചിച്ച കവിതകൾ അർത്ഥസംപുഷ്ടവും ചിന്തനീയവുമാണ്. അവരുടെ വിദ്യാലയവും അധ്യാപകരുമൊക്കെ വളരെ സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവരുടെ സൃഷ്ടിയിലൂടെ കലയും സാഹിത്യവും, മഴയും പുഴയും, പ്രകൃതിയും, ആത്മീയതയുമൊക്കെ അർഹിക്കുന്ന പ്രാധാന്യത്തോടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.....നയിച്ചവർക്കും ആലേഖനം ചെയ്തവർക്കും ആശംസകളുടെയും അഭിനന്ദനങ്ങളുടെയും നറു മംഗളങ്ങൾ....

Manager
St. Joseph's H.S Pullurampara
Pin - 673 603

# ആശംസ

## PTA President
## Mr.Benny Thomas



സാങ്കേതികവിദ്യയിലൂടെ
അറിവിന്റെ വിശാലലോകത്തേക്ക്
പറക്കാൻ കൊതിക്കുന്ന പുതുതലമുറയ്ക്ക്
കരുത്തും പ്രോത്സാഹനവും നൽകുന്ന
ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം
പുല്ലൂരാംപാറ സെൻറ് ജോസഫ്സ് ഹൈസ്കൂളിലെ
സർഗ്ഗമുകുളങ്ങളെ പിന്തുണയ്ക്കാനായി നിർമ്മിക്കുന്ന
സർഗ്ഗസ്പർശം എന്ന ഈ ഡിജിറ്റൽ സ്കൂൾ മാഗസിന്
എല്ലാ ഭാവുകങ്ങളും നേരുന്നു.

# ആശംസ

# Our Headmistress

## Smt.Mercy Michael



വിദ്യാഭ്യാസ പ്രക്രിയ സങ്കല്പത്തിലും പ്രയോഗത്തിലും ഒട്ടേറെ പരിഷ്കാര പരിണാമങ്ങൾക്ക് വിധേയമാകുന്ന കാലഘട്ടമാണിത് . അതിൻറെ വൈവിധ്യമാർന്ന വിനിമയ രീതികൾ നമുക്ക് മുന്നിൽ തുറന്നിടുന്ന സാധ്യതകൾ ആകട്ടെഅപരിമേയവും. വിദ്യാഭ്യാസത്തെ സംബന്ധിച്ച് വിശേഷിച്ചും അതിന്റെ രീതിശാസ്ത്രം നിർണായകമത്രേ. ഏതു കാര്യവും സാർത്ഥകമായ ലക്ഷ്യപ്രാപ്തിയിലെത്തുന്നത്, അതിന്റെ സ്വാഭാവികവും സുഗമവുമായ രീതിശാസ്ത്രത്തിലൂടെ ആണല്ലോ. വിദ്യാർത്ഥി എന്തു പഠിക്കുന്നു എന്നതുപോലെ തന്നെ പ്രധാനമാണ് എങ്ങനെ പഠിക്കുന്നു എന്നത്. ആധുനിക സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിന്റെ പുതിയ വാതായനങ്ങൾ തുറന്നിടുന്നു .

30 വർഷങ്ങൾക്ക് മുമ്പ് വിവരങ്ങൾ പുസ്തകങ്ങളിൽനിന്നും നിന്നും എൻസൈക്ലോപീഡിയ തുടങ്ങിയവയിൽ നിന്നുമാണ് ലഭിച്ചിരുന്നെങ്കിൽ, ഇപ്പോഴാകട്ടെ ഇന്റർനെറ്റിൽ നിന്നും വിവരങ്ങൾ നിമിഷങ്ങൾക്കുള്ളിൽ വിരൽതുമ്പിൽ എത്തുന്നു . ഇന്നത്തെ കുട്ടികളെ ഇന്നലത്തെ രീതിയിൽ പഠിപ്പിച്ചാൽ അവരുടെ നാളകളെ നമ്മൾ അപഹരിക്കുകയാകും ചെയ്യുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഡിജിറ്റലൈസായില്ലെങ്കിൽ നിലനിൽപ്പില്ലാതാകുന്ന കാലമാണ് നമുക്ക് മുന്നിലുള്ളത്. ഡിജിറ്റലൈസേഷൻ എന്നതുകൊണ്ട് ക്ലാസ്സുറികളിൽ ഉപകരണങ്ങളും സാങ്കേതികവിദ്യയും കുത്തിനിറയ്ക്കുക എന്നല്ല ഉദ്ദേശിക്കുന്നത്.സാങ്കേതികവിദ്യ ഉൾചേർത്തുകൊണ്ടുള്ള ദൈനംദിന പ്രവർത്തനങ്ങൾ ആയിരിക്കണം വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടക്കേണ്ടത് .

അറിവിന്റെ സമൃദ്ധി നൽകുന്നതിനോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും നാല് പതിറ്റാണ്ടുകളായി മുൻപന്തിയിൽ നിൽക്കുന്ന ഈ വിദ്യാലയംപുതിയ സാധ്യതകൾ ഉപയോഗിച്ച്ഒരു ചുവടുകൂടി മുന്നോട്ട് വെച്ചിരിക്കുകയാണ്.സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കാൻ കഴിഞ്ഞതിൽ സന്തോഷവും അഭിമാനവുമുണ്ട് . കുട്ടികളുടെ സർഗ്ഗസൃഷ്ടികളുടെ നല്ലൊരു പ്രദർശനവേദിയാണ് ലിറ്റിൽ കൈറ്റ്സ് ഒരുക്കിയിരിക്കുന്നത്.ഇവർക്ക് ഊർജം നല്കുന്ന ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സിന് എല്ലാ പിന്തുണയും നല്കുന്നതോടൊപ്പം ഈ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

# *Little Kites*









***Unit Inauguration***

# Guides



# Scouts



*Rajyapuraskar Award winners*

# Our Band Team



# Trafic Club



# JRC



# Editorial Board



# Achievements

## Our National and state medal winners in Athletics


Abhirami V M


Roshna Augustine


Anjana Johnson


Fathima Nasla


Anusri N B


Steev Sebastian


Aiswarya Sunny


Alna Shaju


Saniya Treesa Tomy


Aneeta Binoy

*State level news reading competition Second A Grade*






*Irene Rose Sagi*

*Plaster of paris Moulding State level A Grade*





*Immanual Joseph*



***District level school meet overall championship***



***Thaluk level Library council Sargolsavam Overall***



***Sub District IT Mela Overall***

# *Activities*



***Hi-Tech Class Room Inauguration***




***Awareness programme by childline***



***Motivation class for sslc students***




***C V Raman Science Seminar***



***Seminar by Excise Department against Drugs***



***House visit programme-Vazhivilakku***



***over night camp for sslc students***



***Special coaching***

# ഭിന്നശേഷിദിനാചരണം

# റിച്ചാർഡ് സിറിലിന്റെ വീട്ടിൽ





# ഓസോൺ ദിനാചരണം







# Annual day 2018




















# മുഖമൊഴി

ആത്മ സാക്ഷാത്കാരം മനസ്സിന്റെ ആത്യന്തിക ആവശ്യങ്ങളിലൊന്നാണ്. നമ്മൾ ക്രിയാത്മകമായി നിലനിൽക്കുന്നു എന്നതിന്റെ ജീവനുള്ള തെളിവാണ്. ഒരു പൂവ് മറ്റൊന്നിൽ നിന്ന് വ്യത്യസ്തമാകുന്നത് അതിന്റെ തികച്ചും വ്യതിരിക്തമായ നിറവും മണവും സമൂഹത്തിനു മുമ്പിൽ അവതരിപ്പിച്ചാണ്. അതുപോലെ ആത്മ പ്രകാശത്തിന്റെ മുഴുവൻ സാധ്യതകളും വിജയകരമായി പരീക്ഷിച്ച്, ആവിഷ്കരിച്ച് തന്റെ സജീവ സാന്നിദ്ധ്യം വിളിച്ച് പറയുന്നവനാണ് മനുഷ്യൻ. കലാകായിക പ്രകടനങ്ങളും ശാസ്ത്ര ചിന്തകളും, അനുദിന ജീവിതത്തിന്റെ ക്രയവിക്രയങ്ങളുമെല്ലാം സർഗവാസനകളുടെ കൗതുകസൃഷ്ടികൾ മാത്രമാണ്. ഇത് സാംസ്കാരിക വളർച്ചയുടെ പ്രഘോഷണങ്ങളാണ്. മനുഷ്യൻ തന്റെ സംസ്കാര,സഞ്ചാര പഥങ്ങളിലെല്ലാം ഇത്തരം വിളിച്ചുപറയൽ നടത്തിയിട്ടുണ്ട്. അജന്താ ഗുഹകളിലും എന്തിനേറെ വയനാടിന്റെ എടക്കൽ ഗുഹാന്തരങ്ങളിലും നമ്മൾ കേൾക്കുന്നത് ആത്മ സാക്ഷാത്കരത്തിന്റെ നിശബ്ദധ്വനികളാണ്.

വികാരങ്ങളെ ആവിഷ്കരിക്കുന്നതിനും അത് ചിരകാലം സൂക്ഷിച്ച് വയ്ക്കുന്നതിനും ആധുനികസാങ്കേതികവിദ്യകൾ നൽകുന്ന പങ്ക് വലുതാണ്.സർഗ്ഗഭാവങ്ങൾക്ക് ചിറകു നൽകി അതിനെ പ്രാപഞ്ചികമാക്കുന്നതിൽ ഐടി വഹിക്കുന്ന പങ്ക് അനല്പമാണ്.മാറുന്ന കാലത്തിന്റെ സ്പന്ദനങ്ങൾ അടുത്തറിഞ്ഞ് സാങ്കേതിക വിദ്യയുടെ സഹായത്താൽ ക്രിയാത്മതകളുടെ വളർത്തിയെടുക്കാൻ നമ്മൾ പരിശീലിക്കണം. സൃഷ്ടിവൈഭവങ്ങൾ മെരുക്കിയെടുത്ത് ഉപയോഗിച്ച് പഠിക്കണം. അത്തരമൊരു പരിശ്രമമാണ് ഇവിടെ ഞങ്ങൾ നടത്തിയിരിക്കുന്നത്. ഈ സ്കൂളിലെ കുട്ടികളുടെയും അദ്ധ്യാപകരുടെയും ചിന്തകളുടെ നിറം പിടിച്ച ആവിഷ്കാരമാണ് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടത്തിയിരിക്കുന്നത്. കൈറ്റിന്റെ പിൻബലം കാലോചിതമായ ഉൾക്കരുത്താണ് ഞങ്ങൾക്ക് നൽകുന്നത്. ഇത് ഏവർക്കും ഹൃദ്യമായ വിരുന്നൊരുക്കും എന്ന് തീർച്ച. ചിത്രങ്ഹൾക്ക് ചുവരു നൽകുന്ന ഒരു നല്ല സ്കൂളാണ് ഞങ്ങളുടേത് എന്ന സന്തോഷം പങ്കു വയ്ക്കുന്നു.ഞങ്ങളുടെ വസന്തലോകത്തിലേക്ക് ഏവർക്കും സ്നേഹപൂർവ്വം സ്വാഗതം.

ബിനു ജോസ്
ചീഫ് എഡിറ്റർ

# ഉള്ളടക്കം


1. പുല്ലൂരാംപാറ ചരിത്ര നാൾവഴികളിലൂടെ........20
2. ഒരു മൊഴി മറുമൊഴി .................................25
3. വിദ്യാധനം സർവ്വധനാൽ പ്രധാനം ............26
4. സ്വപ്നം ..................................................28
5. കാണാനൂലിൽ കോർത്തത് ......................29
6. മിനി കഥകൾ ........................................31
7. അമ്മ മനസ്സ് ..........................................32
8. പ്രളയവും നവകേരളവും ............................33
9. വിധി ....................................................35
10. കാറ്റ് വന്നു വിളിച്ചപ്പോൾ .........................36
11. കാലാവസ്ഥ വ്യതിയാനവും ജൈവവൈവിധ്യത്തിന്റെ ആവശ്യകതയും ....................................37
12. എന്റെ വിദ്യാലയം .................................40
13. പെൻസിൽ സ്കെച്ചസ് ............................41
14. ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളിലൂടെ ...........................42
15. വഴികാട്ടിയായ സുഹൃത്ത് ........................44
16. ആരോഗ്യം മനസ്സിനും ശരീരത്തിനും .........47
17. ചിറകുള്ള മനസ്സ് ....................................49
18. ചതിയൻ മഴ .........................................50
19. ഗുരു എന്ന പ്രകാശം ...............................52
20. യഥാർത്ഥ ധനം .....................................54
21. സാഹിത്യം ..........................................56
22. പ്രകൃതി ...............................................57
23. ഉത്സവങ്ങൾ ........................................58
24. കേരള വിശേഷങ്ങൾ ............................61
25. ദൈവത്തെ കാണാനില്ല .........................62
26. ഒരു നിധിയുടെ കഥ ...............................63
27. പഴഞ്ചൊല്ലുകൾ .......................................65
28. കുട്ടൻ കാക്കയുടെ ട്യൂബ് തോണി ................66
29. എൻ ചെറു ലോകം ...................................67
30. ബ്ലും ബ്ലും നഗരങ്ങൾ ................................68
31. കടലിൽ നടുവിൽ ....................................70
32. തിരുഹിതം ............................................72
33. തൊഴിൽ ജീവിത ധർമ്മം ..........................73
34. ഗണിത വിശേഷങ്ങളിലേക്ക് ....................74
35. ഓർമിക്കാൻ മോതിരം ..............................79
36. പൊതുവിജ്ഞാനം ...................................80
37. എന്റെ ഗ്രാമം ............................................81
38. മേഘങ്ങളിൽ ചെന്ന് രാപ്പാർക്കാം .............82
39. ചരിത്രക്വിസ് ..........................................83
40. ഗാന്ധിജിയുടെ ചിന്തകൾ ..........................84
41. അമ്മ ....................................................85
42. എന്റെ മനസ്സിലെ ഗ്രാമം ............................86
43. സൗഹൃദം ..............................................87
44. Knowledge ............................................88
45. Fringe Benefits ......................................89
46. ക്വിസ് ലോകം ........................................92
47. കർക്കിടക പേമാരിയിൽ ഒലിച്ചുപോയ ജീവിതങ്ങൾ .........................94
48. ഇക്വേഷൻസ് ഓഫ് ലൈഫ് ......................95
49. ഒരു നാട്ടു സല്ലാപം ...................................96
50. ഓർമ്മപൂക്കൾ ..........................................97
51. ജീവിതത്തിലെ മുറിപ്പാടുകൾ ......................98
52. ഡിജിറ്റൽ പെയിൻറിംഗ്സ്......................100
53. നന്ദി ....................................................101

# പുല്ലൂരാംപാറ- ചരിത്രനാൾവഴികളിലൂടെ

തയ്യാറാക്കിയത്: ആഗ്നസ് മേരി ജോർജ്ജ്
അലീഷ ലക്ഷ്മി X E

രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലം. മഹായുദ്ധത്തിന്റെ കെടുതികൾ ലോകമെമ്പാടും പരക്കപ്പെട്ടു. ഭക്ഷ്യ വസ്തുക്കളുടെ ക്ഷാമം ആളിപ്പടർന്നു. ദിനംപ്രതി നിത്യോപയോഗസാധനങ്ങൾക്ക് ക്ഷാമം വന്നതോടെ ഭക്ഷ്യവസ്തുക്കളുടെ വില വർധിച്ചു വന്നു. ഈ സാഹചര്യത്തിലാണ് മധ്യതിരുവിതാംകൂറിലെ കർഷകർ മലബാറിലേക്ക് കുടിയേറ്റം തുടങ്ങിയത്.

മലബാർ കുടിയേറ്റ ചരിത്രത്തിൽ മുൻതാളുകളിൽ സ്ഥാനം പിടിച്ചതാണ് തിരുവമ്പാടി മേഖലയിൽപ്പെടുന്ന പുല്ലൂരാംപാറ പ്രദേശത്തെ കുടിയേറ്റം. മദയാനയോടും മലമ്പനിയോടും വസൂരിയോടും കുടിയേറ്റകർഷകർ പടവെട്ടി. പ്രതികൂല കാലാവസ്ഥ പലപ്പോഴും കർഷകന്റെ അധ്വാനത്തെ നശിപ്പിച്ചു. പ്രതികൂല സാഹചര്യങ്ങളോട് പടപൊരുതി വിജയിച്ചു. കാടുകൾ കയ്യേറി. കുടിലുകൾ സ്ഥാപിച്ചു. കുടിയേറ്റകർഷകർ പുല്ലൂരാംപാറ എന്ന പ്രദേശത്ത് വാസമുറപ്പിച്ചു. ഒരിക്കലും കീഴടങ്ങുകയില്ല എന്ന് വാശിപിടിച്ച വനഭൂമി കുടിയേറ്റ കർഷകരുടെ മുൻപിൽ മെരുങ്ങി. ആ മണ്ണിൽ അവർ കൃഷി ചെയ്തു. ആ വിത്തുകൾ നൂറുമേനി വിളവു നൽകി. മലബാറിന്റെ മലമടക്കുകളിൽ കുടിയേറ്റകർഷകർ പുതിയൊരു ആകാശവും ഭൂമിയും സൃഷ്ടിച്ചു. മഹത്തായ ആ അധ്വാനചരിത്രത്തിന്റെ വർണ്ണപ്പകിട്ടാർന്ന ഒരു അധ്യായമായിരുന്നു പുല്ലൂരാം പാറ കുടിയേറ്റം. പുല്ലൂരാംപാറ എന്ന പ്രദേശത്ത് കുടിയേറിയ കർഷകരാണ് ഇവിടുത്തെ പൂർവ്വികർ.പുല്ലൂരാംപാറയെ ഈ നല്ല സ്ഥിതിയിൽ എത്തിച്ചത് അവരാണ്.

## പുല്ലൂരാംപാറയെ കുറിച്ച് ഒരു നിഗമനം

കോഴിക്കോട് ടൗണിൽ നിന്നും 50 കിലോമീറ്റർ അകലെ പശ്ചിമഘട്ട താഴ്വരയിൽ സ്ഥിതിചെയ്യുന്ന സ്ഥലമാണ് പുല്ലൂരാംപാറ. ഇത് കോഴിക്കോട് ജില്ലയിലും താമരശ്ശേരി താലൂക്കിലും പെടുന്നു. തിരുവമ്പാടി പഞ്ചായത്തിലും കോടഞ്ചേരി പഞ്ചായത്തിലും ഉൾപ്പെട്ട പ്രദേശങ്ങൾ പുല്ലൂരാംപാറ മേഖലയിലുണ്ട്.

പുല്ലൂരാംപാറ എന്ന പ്രദേശത്തിന് സ്ഥാനനാമം എങ്ങനെ വന്നു എന്നതിനെക്കുറിച്ചുള്ള അറിവ് ഒരു രേഖകളിലും കേട്ടുകേൾവികളിലും ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. എങ്കിലും സമീപപ്രദേശങ്ങളുടെ വേരുകളെക്കുറിച്ച് ചില ഐതിഹ്യങ്ങൾ അറിയപ്പെടുന്നുണ്ട്. അതിലൊന്നാണ് തിരുവമ്പാടിയെ കുറിച്ചുള്ളത്.തിരുവമ്പാടി മേഖലയുടെ ജന്മി മണ്ണിൽ തറവാട്ടുകാരായിരുന്നു.

ഈ തറവാട്ടിലെ ഒരു കാരണവർ പാട്ടം പിരിക്കുന്നതിനും മറ്റുചില ആവശ്യങ്ങൾക്കും ആയി പലപ്പോഴും കളപ്പുരയിൽ വന്നു താമസിച്ചിരുന്നു. ഒരു രാത്രി ഒരു ഓടക്കുഴൽ നാദം കേട്ടു കാരണവർ പുറത്തിറങ്ങുകയുണ്ടായി. പുറത്തിറങ്ങി നോക്കിയപ്പോൾ കുറച്ചകലെ ഒരു പാറപ്പുറത്ത് ശ്രീകൃഷ്ണൻ ഓടക്കുഴൽ വായിക്കുന്നതും ചുറ്റിലും പശുക്കൾ നിൽക്കുന്നതും കാണുകയുണ്ടായി.

പിറ്റേദിവസംതന്നെ കാരണവർ ശ്രീകൃഷ്ണ അമ്പലം സ്ഥാപിക്കാനുള്ള പണികൾ ആരംഭിച്ചു. അന്നുമുതൽ ഈ പ്രദേശം തിരുവമ്പാടി എന്നപേരിൽ അറിയപ്പെട്ടു. ഇതിനുമുൻപ് ഈ പ്രദേശം നായരുകൊല്ലി എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. പുല്ലും പാറക്കെട്ടുകളും നിറഞ്ഞ ഈ പ്രദേശത്തിന് പൂർവികർ പുല്ലരിയൻപാറ എന്ന് പേരിട്ടു. പിന്നീടത് പുല്ലുരാംപാറ എന്നായിത്തീർന്നു.

# സെന്റ് ജോസഫ്സ് എയ്ഡഡ് യുപി സ്കൂൾ

1947 മുതൽ ഇവിടുത്തെ മണ്ണിന്റെ മേന്മ അറിഞ്ഞ് ആളുകൾ ക്രമേണ ഇങ്ങോട്ട് കുടിയേറ്റം ആരംഭിച്ചു. ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നതിനും കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനും 8 കിലോമീറ്ററിലധികം ദൂരമുള്ള തിരുവമ്പാടിയിൽ പോകുന്നത് വളരെ ക്ലേശകരമായിരുന്നു. അധ്വാനവും പരിശ്രമവും ധീരതയും കയ്യിലുള്ളവർ ഒത്തുചേർന്ന് അവരുടെ പ്രശ്നങ്ങൾക്ക് പോംവഴി ആരാഞ്ഞു അന്ന് തിരുവമ്പാടി പള്ളി വികാരിയായിരുന്ന ബഹുമാനപ്പെട്ട അത്തനേഷ്യസ് അച്ചന്റെ നേതൃത്വത്തിൽ പുല്ലുരാംപാറയിൽ വിദ്യാലയവും ദേവാലയവും തുടങ്ങുന്നതിന് തീരുമാനിച്ചു. അതിന് ഇവിടെ കുടിയേറിയ കാരണവന്മാർ നേതൃത്വം നൽകി. 1952 ജൂൺമാസത്തിൽ വിദ്യാലയം പ്രവർത്തനമാരംഭിച്ചു.

അങ്ങേവീട്ടിൽ ഈപ്പൻ, ചോക്കാട്ട് ഔസേപ്പ്, ടി പി കുര്യൻ, പുതിയാമഠത്തിൽ ജോസഫ്, എന്നിവർ ആദ്യകാല അദ്ധ്യാപകരായി സേവനം അനുഷ്ഠിച്ചു. അങ്ങേവീട്ടിൽ ഈപ്പൻ, ടി പി കുര്യൻ എന്നിവർ വിരമിച്ചതിനുശേഷം വി ടി ജോസഫ്, പി എസ് ചാക്കോ എന്നിവർ നിയമിതരായി. സർക്കാരിൽ നിന്ന് സഹായം ലഭിക്കാതിരുന്നതിനാൽ കമ്മറ്റിക്കാർ പിരിവെടുത്ത് അധ്യാപകർക്ക് ഒരു ചെറിയ വേതനം നൽകാൻ തുടങ്ങി. തുടർന്ന് വിദ്യാലയത്തിന് അംഗീകാരവും സഹായവും ലഭിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഫാ.അത്തനേഷ്യസ് സ്ഥലം മാറിപ്പോയി. പകരം ഫാദർ കെറൂബിൻ ആസ്ഥാനം ഏറ്റെടുത്തു. അക്കാലത്ത് മലബാർ മദ്രാസിന്റെ ഭാഗമായിരുന്നതിനാൽ വിദ്യാലയത്തിന്അംഗീകാരവും സഹായവും ലഭിക്കുവാൻ പരിശീലനം സിദ്ധിച്ച അധ്യാപകർ ആവശ്യമായി വന്നു.അതിനാൽ പുതിയാമഠത്തിൽ ജോസഫ്, ചോക്കാട് ജോസഫ് എന്നിവർക്ക് അധ്യാപകരായി തുടരുവാൻ കഴിഞ്ഞില്ല. 1952 ൽ ഇ.സി പൊറിഞ്ചു പ്രധാന അദ്ധ്യാപകനായും വി ടി ജോസഫ്, പി എസ്സ് ചാക്കോ, കെ ജെ ചാക്കോ എന്നിവർ അധ്യാപകരുമായും ഒന്ന് രണ്ട്

സ്റ്റാന്റേഡുകളിൽ പഠനമാരംഭിച്ചു.

ആകെ 4 ക്ലാസുകളിലായി 141 വിദ്യാർത്ഥിവിദ്യാർത്ഥിനികൾ പഠനം ആരംഭിച്ചു. സ്കൂളിന് അംഗീകാരവും സഹായവും ലഭിക്കുകയും ചെയ്തു.

1953 ൽ വി എം തോമസും 1954 ൽ വി.ടി താരുവും ഈ സ്കൂളിൽ അധ്യാപകരായി വന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചു. സ്വാഭാവികമായും സൗകര്യം പോരാതെ വരികയും ചെയ്തു. സ്കൂളിന് പുതിയ കെട്ടിടം ആവശ്യമായി വന്നു 1954 ൽ 120 അടി നീളവും 24 അടി വീതിയുമുള്ള സ്കൂൾകെട്ടിടം നാട്ടുകാർ ചേർന്ന് സ്ഥാപിച്ചു. ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റി. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഫാ.ബർത്തലോമിയോ സ്കൂൾ മാനേജരായി നിയമിതനായി.

സ്കൂളിലെ പൂർവ്വവിദ്യാർത്ഥികളിൽ അധികവും കാർഷികരംഗത്തും സാമൂഹിക സേവനരംഗത്തും ഔദ്യോഗികരംഗത്തും സജീവമായി പ്രവർത്തിക്കുന്നു. സ്കൂളിന്റെ പുരോഗതിക്കും പ്രശസ്തിക്കും വേണ്ടി ഇപ്പോഴും അവർ പ്രവർത്തിക്കുന്നു. ഇവരുടെ പ്രയത്നങ്ങളുടെ ഫലമായി ഇപ്പോൾ കുട്ടികൾക്ക് കളിക്കാനായി വിശാലമായ സ്കൂൾ ഗ്രൗണ്ടും പാർക്കും യാത്രാസൗകര്യത്തിനായി സ്കൂൾബസുകളും വിശാലമായ കമ്പ്യൂട്ടർലാബും മൾട്ടിമീഡിയ റൂമും തുടങ്ങി നിരവധി സജ്ജീകരണങ്ങൾ നിലവിൽ ഉണ്ട്. ഇപ്പോൾ ഈ സ്കൂളിൽ മുപ്പതിൽ അധികം അധ്യാപകർ സേവനം അനുഷ്ഠിക്കുന്നു.

കായികരംഗത്തും ഇന്ന് സ്കൂൾ മുൻനിരയിലാണ്. ഇതിനുവേണ്ടി അധ്യാപകരും നാട്ടുകാരും കഠിനപ്രയത്നം നടത്തുന്നു.

# സെൻറ്. ജോസഫ്സ് ഹൈസ്കൂൾ പുല്ലൂരാംപാറ

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ് കുട്ടികൾക്ക് തുടർന്ന് പഠിക്കണമെങ്കിൽ അടുത്ത് ഒരു സ്കൂൾ ഉണ്ടായിരുന്നില്ല. അത് അവരെയും നാട്ടുകാരെയും സങ്കടത്തിലാഴ്ത്തി. ഈ സാഹചര്യത്തിൽ ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്നത് നാട്ടുകാരുടെ ഒരു അഭിലാഷമായിരുന്നു. 1976 ൽ ആണ് ഇതിനുള്ള പരിശ്രമങ്ങൾ സാക്ഷാത്കരിക്കപ്പെട്ടത്. ആ കാലഘട്ടത്തിൽ ഇടവക വികാരിയായിരുന്ന ഫാദർ. ഫിലിപ്പ് മുറിഞ്ഞകല്ലേലിന്റെ നേതൃത്വത്തിൽ നാട്ടുകാർ ത്യാഗങ്ങളും വേദനകളും പങ്കുവെച്ചതിന്റെ ഫലമാണ് ഇന്നത്തെ പുല്ലൂരാംപാറ സെൻറ് ജോസഫ് ഹൈസ്കൂൾ. സ്കൂൾ നിർമാണത്തിന് നേതൃത്വം നൽകിയത് ആഗസ്തി നാട്ടുനിലത്തിൽ, ജോസഫ് താണ്ടാംപറമ്പിൽ, പി സി ചാണ്ടി പനച്ചിക്കൽ, കുര്യൻ തെങ്ങുമ്മൂട്ടിൽ, ലൂക്കോസ് കാഞ്ഞിരക്കാട്ട്, ഫ്രാൻസിസ്, വി ടി താരു മാസ്റ്റർ തുടങ്ങിയവരായിരുന്നു. സ്കൂൾ അനുവദിച്ചു കിട്ടുവാനായി പ്രയത്നിച്ചത് ഇവിടുത്തെ നിയമസഭാംഗമായ ശ്രീ സിറിയക് ജോൺ ആയിരുന്നു. ഈ സരസ്വതീക്ഷേത്രത്തിന്റെ ഉദ്ഘാടനം 1979 ഫെബ്രുവരി പതിനാറാം തീയതി നിർവഹിച്ചു.

1976-77 അധ്യയനവർഷത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചപ്പോൾ എട്ടാംക്ലാസിൽ 4 ഡിവിഷനുകളിലായി 81 ആൺകുട്ടികളും 92 പെൺകുട്ടികളും ഉൾപ്പെടെ 172 കുട്ടികളാണ് പഠനം ആരംഭിച്ചത്. 1979 ൽ 86 കുട്ടികൾ ആദ്യബാച്ചിൽ എസ്എസ്എൽസി പരീക്ഷയ്ക്ക് ചേർന്നു. അവരിൽ 92% കുട്ടികളും പാസായി.


25 പേർ ഒന്നാം ക്ലാസ് നേടുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിലും ഗണനീയമായ നേട്ടം പരീക്ഷാവിജയത്തിൽ കൈവരിക്കാൻ സ്കൂളിനു സാധിച്ചു.14 ക്ലാസ് മുറികളും 7 ക്ലാസുകൾ നടത്തുവാൻ സൗകര്യമുള്ള വിശാലമായഓഡിറ്റോറിയവും ചേർന്ന ഒരു മൂന്ന് നില കെട്ടിടമാണ് സ്കൂളിന് ഉള്ളത്. ഏതാണ്ട് പതിനായിരം രൂപയോളം ചിലവഴിച്ച് നിർമ്മിച്ച ഒരു സയൻസ് ലാബ് സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു. പ്രൊജക്റ്ററും സ്ക്രീനുമുള്ള ഒരു സ്മാർട്ട് റൂമും സജീവമായ ഒരു കമ്പ്യൂട്ടർ ലാബും ഇന്ന് ഈ സ്കൂളിൽ നിലവിലുണ്ട്. 2018-19 അധ്യയനവർഷത്തിൽ സ്കൂളിലെ എല്ലാ ക്ലാസ്സുകളും ഹൈടെക് ക്ലാസുകളായി മാറി.

സ്പോർട്സ് രംഗത്തും സ്കൂൾ മുൻനിരയിലാണ്. 2016 ൽ ജി വി രാജ പുരസ്കാരം സ്കൂളിനെ തേടിയെത്തി. 2017-18 വർഷത്തെ സംസ്ഥാനത്തെ ഏറ്റവും മികച്ച രണ്ടാമത്തെ സ്കൂളിനുള്ള അവാർഡ് മനോരമയിൽ നിന്ന് മലബാർ സ്പോർട്സ് അക്കാദമിയുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങാൻ സാധിച്ചു. സ്പോർട്സ് രംഗത്ത് അപർണ്ണ റോയ്, തെരേസ ജോസഫ്, ലിസ്ബത്ത് കരോളിൻ ജോസഫ്, വിനിജ വിജയൻ, അർജ്ജുൻ തങ്കച്ചൻ, അനൂപ് തുടങ്ങിയവർ ദേശീയ അന്തർദേശീയ തലങ്ങളിൽ തിളങ്ങിയവരാണ്.

പുല്ലൂരാംപാറ ഇന്ന് ഈ സ്കൂളിന്റെ പേരിലാണ് അറിയപ്പെടുന്നത്. അതിനാൽതന്നെ നാടിന്റെ വികസനത്തിൽ സ്കൂളിന് പ്രധാന സ്ഥാനം തന്നെയാണ് ഉള്ളത്.



# പുല്ലൂരാംപാറ


N
W
E
S
ആനിക്കാംപൊയിൽ ഇടവക
മഞ്ഞുവയൽ
മാവാതുക്കൽ
പൊട്ടൻകോട്
കൊടക്കാട്ടുപാറ
പുല്ലൂരാംപാറ
പള്ളി
പള്ളി വഴി
തോട്ടുംമുഴി
പൊന്നാങ്കയം
കോടഞ്ചേരി ഇടവക
പൂവാറൻതോട് ഇടവക
പുന്നക്കൽ ഇടവക
തുമ്പക്കോട്
അത്തിപ്പാറ
തിരുവമ്പാടി ഇടവക
സൂചനകൾ
അതിർത്തി
ടാർറോഡ്
കട്ട് റോഡ്
പുഴ
ഫോറസ്റ്റ്

# ഒരുമൊഴി മറുമൊഴി

ശ്രീമതി.ലാലി ജോസഫ്

സോഷ്യൽ സയൻസ് അദ്ധ്യാപിക



അക്ഷരമുറ്റത്തറിവു പകർന്നു
പാറി നടന്നതു ദശവർഷം
ഒത്തിരി നന്മകൾ പുത്തനുണർവ്വാ-
യൊത്തൊരുമിച്ച നടന്നവർ നാം
തമ്മിൽ തമ്മിൽ സൗഹൃദമോതി
പുലരികളെ വരവേറ്റു നാം
കുട്ടികുസൃതികൾ നൂതന ലോകം
കണ്ടു പകക്കാതരികത്തായി
അരുമ കണക്കു കരുതി അണച്ച
മെൻററ് പദവി പുലർത്തി നാം
ഒത്തൊരുമിച്ച തഴുകിയുണർത്തി
ഭൂമിയിലെത്രയോ വൻ തരുവേ
വളവും വെള്ളവും ഇടവിട്ടേകി
കളകളറുത്തു വളർത്തി നാം
മാറ്റത്തിൻ പുതുതലമുറയിവിടെ
മാതൃകയാവാൻ കൊതിപൂണ്ടു
അറിവ് നുകർന്നൊരാ നവമലരിൻ
പുഞ്ചിരി കണ്ടു കുളിർത്തു നാം
ആമോദത്തോടവിരതമിവിടെ
അക്ഷരമോതി നടന്നവർ നാം
പലനാൾ പലവഴി വന്നിട്ടിവിടെ
സൗഹൃദ വഴിയൊരുക്കി നാം
തമ്മിൽ സ്നേഹം തച്ചുടയാതെ
ഒരു പുതുലോകമൊരുക്കി നാം
കാല പെരുമഴ പെയ്യുകയായി
പിരിഞ്ഞു പോവുകയാണിവിടെ
ഓരോ ദിനവും ഓർമ്മയിലെന്നും
ഓർത്തുവെക്കാമതി മോദാൽ
ഒരു മൊഴി മറുമൊഴി ചൊല്ലുകയായ് ഞാൻ
വിതുമ്പിടുന്ന ഹൃത്തുമായി.

# വിദ്യാധനം സർവധനാൽ പ്രധാനം

അമേയ ബെന്നി

9D

ഭാരതത്തിൽ സാക്ഷരത ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. നമ്മുടെ ചില ജില്ലകൾ ഇതിനോടകം 100% സാക്ഷരത നേടിക്കഴിഞ്ഞു. എന്നിരുന്നാലും, കേരളിയർ നൂറുശതമാനവും വിദ്യാഭ്യാസസമ്പന്നരെ പോലെയാണോ? അവരുടെ പെരുമാറ്റത്തിൽ നമുക്കത് മനസിലാക്കാൻ സാധിക്കുമോ? നമ്മുടെ വിദ്യാഭ്യാസമേഖല ഇന്ന് പ്രശ്നകലുഷിതമാണ്. വിദ്യാഭ്യാസമണ്ഡലത്തിൽ സമൂലമായ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണെന്ന പലരും ഉറക്കെ ചിന്തിച്ചു തുടങ്ങിയിട്ടുണ്ട്.



വിദ്യാഭ്യാസം എന്തെന്നും അതിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾ എന്തെന്നും മഹത് വ്യക്തികൾ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. മഹാകവി ടാഗോറിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം കേവലം ഒരു പുസ്തകമല്ല, അത് ഓരോ വ്യക്തിയിലും അന്തർലീനമായ ഉത്തമാംശങ്ങളെ പുറത്തുകൊണ്ടുവരുന്ന ശക്തിയാണ്. മഹാത്മാ ഗാന്ധിയുടെ ചിന്താഗതി ഇപ്രകാരമാണ്. യഥാർത്ഥ വിദ്യാഭ്യാസം ഒരു വ്യക്തിയുടെ കായികവും മാനസികവും ആത്മീയവുമായ വ്യക്തിത്വത്തിന്റെ സർവോന്മുഖമായ വളർച്ചയാണ്. മനുഷ്യനിൽ സ്വതേയുള്ള പൂർണതയുടെ പ്രകാശനമാണ് വിദ്യാഭ്യാസമെന്ന് സ്വാമി വിവേകാനന്ദനും അഭിപ്രായപ്പെടുന്നു . വ്യക്തിയുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് മുകളിൽ ചേർത്തിരിക്കുന്ന അഭിപ്രായങ്ങളിലും നിന്നും വ്യക്തമാണല്ലോ. ഗുരുകുല വിദ്യാഭ്യാസ രീതിയാണ് പ്രാചീന ഭാരതത്തിൽ ഉണ്ടായിരുന്നത്. ഗുരുമുഖത്തുനിന്നും കണ്ടും കേട്ടുമാണ് ശിഷ്യർ പഠിച്ചിരുന്നത്. അക്കാലത്ത് വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞിരുന്നത് അവരുടെ

പ്രത്യേകമായ വേഷവിധാനത്തിൽ നിന്നാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നതായിരുന്നു അവരുടെ യൂണിഫോം.

വിദ്യാഭ്യാസത്തിൻറെ ലക്ഷ്യത്തെപ്പറ്റി വിവിധ രാഷ്ട്രങ്ങളിൽ വിവിധ ധാരണകളാണ് ഉണ്ടായിരുന്നത്. അതതുകാലത്തെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ നിലപാട് അനുസരിച്ച് ഓരോ രാജ്യവും ഓരോ വിധത്തിൽ വിദ്യാഭ്യാസത്തെ വിലയിരുത്തി. എന്നാൽ പ്രപഞ്ചകർത്താവ് 'സൃഷ്ടിയുടെ മകുടം' എന്ന പദവി നൽകിയിട്ടുള്ളത് മനുഷ്യനു മാത്രമാണ്. അതിനാൽ വിദ്യാഭ്യാസത്തിലൂടെ വ്യക്തിത്വത്തിന്റെ എല്ലാ മേഖലകളെയും വികസിപ്പിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. വിദ്യാഭ്യാസംകൊണ്ട് മനസ്സിലെ മാലിന്യങ്ങൾ ദൂരീകരിച്ച് ശത്രുമിത്രഭേദമെന്യേ ഏതൊരാൾക്കും ഉപകാരമുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമയായി തീരുവാൻ ഓരോ വിദ്യാർത്ഥിയും ശ്രമിക്കേണ്ടതാണ്.

എല്ലാ പോരായ്മകൾക്കും ഉള്ള ഔഷധമായി സ്വാമി വിവേകാനന്ദൻ വിദ്യാഭ്യാസത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന അജ്ഞതയും അന്ധവിശ്വാസത്തെയും അത് നശിപ്പിക്കുന്നു. സംസ്കാരസമ്പന്നരാകാൻ വിദ്യാഭ്യാസം നമ്മെ സഹായിക്കുന്നു.

ശ്രീനാരായണഗുരു ഉപദേശിച്ചത് പോലെ വിദ്യകൊണ്ട് പ്രബുദ്ധരാകുവാനാണ് വരുന്ന തലമുറ ശ്രമിക്കേണ്ടത്. സ്കൂൾ വിദ്യാഭ്യാസകാലം വേണ്ടത്ര പ്രയോജനപ്പെടുത്താത്തവർ ഭാവിയിൽ ദുഃഖിക്കേണ്ടിവരും. അറിവും സംസ്കാരവും ജീവിതവിജയത്തിന് ആവശ്യമാണ്. വിദ്യാഭ്യാസ കാലഘട്ടം ഇതു രണ്ടും നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. അതു പരമാവധി പ്രയോജനപ്പെടുത്തിയാൽ ജീവിത വിജയം നമുക്ക് ഉറപ്പാക്കാം........



# സ്വപ്നം

ഷാന ഷിജു IX D

മൂളും കിനാവിൻ രാഗം കേട്ട്
മൂകയായി ഏകയായി ആ സന്ധ്യയിൽ ഞാൻ
ഓർമ്മതൻ മണിച്ചെപ്പിൽ അടുക്കിവെച്ചോരോ-
മയിൽപീലിയും സ്വതന്ത്രമാക്കി.

ആ മായാലോകത്തിൽ മുഴുകി ഞാനിരിക്കേ
തിരമാലകൾ പോൽ താരകം പോൽ
പൊട്ടിമുളച്ചു എൻ മനസ്സിലെ മണ്ണിൽ
ഒരായിരം വർണ്ണസ്വപ്നങ്ങൾ.....
മനസ്സിന്റെ മായാതലങ്ങളിൽനിന്ന്
അരുവിയായി ഒഴുകുന്നിവ
സന്തോഷദുഃഖസമ്മിശ്രമീ സ്വപ്നം
കുളിർകോരിയെത്തുന്നിതാ.....

എവിടെ നിന്നണയുന്നു
വീണ്ടുമെൻ മനസ്സിൽ സ്വപ്നങ്ങൾ തൻ വിത്തുകൾ....
പക്ഷികൾ കൊത്തിപ്പറക്കുമീ വിത്തുകൾ
അറിയാതെ എൻ മനസ്സിലെ മണ്ണിൽ വീണുപോയോ...
പൊട്ടി തഴച്ചുവളർന്നൊരീ വൃക്ഷം
പൂവായി,കായായി എന്നിലെ വ്യക്തിത്വമായി......



# കാണാനൂലിൽ കോർത്തത്

അജിൻ തോമസ് IX C



സൗഹൃദം എന്നു പറയുന്നത് രണ്ട് ഹൃദയങ്ങളിൽ ഏഴ് വികാരങ്ങൾ പങ്കുവെക്കുന്ന ഒരു മഴവില്ല് ആണ്. സ്നേഹം, സത്യസന്ധത, ദുഃഖം, സഹായം, സന്തോഷം, വിശ്വാസം രഹസ്യം എന്നിവകൾ ആണ് ആ 7 വർണ്ണവികാരങ്ങൾ. സൗഹൃദം എന്നത് ഒരു സത്യമായ വികാരം തന്നെയാണ് .

കാണുന്ന സ്വപ്നമല്ല സൗഹൃദം... നക്ഷത്രങ്ങളിലെ പ്രകാശമല്ല സൗഹൃദം... ഹൃദയത്തിൽ ഹൃദയം തൊട്ടറിയുന്ന വികാരമാണ് സൗഹൃദം...

വ്യക്തികൾ തമ്മിലുള്ള ഊഷ്മളമായ ബന്ധങ്ങളെയാണ് സൗഹൃദം എന്ന് വിശേഷിപ്പിക്കാറുള്ളത്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്നതിൽ നല്ല സൗഹൃദബന്ധങ്ങൾ ജീവിതത്തിൽ സന്തോഷം ആനന്ദവും പ്രദാനം ചെയ്യുന്നു. കൊച്ചുകുട്ടികളിൽ നിന്ന് തുടങ്ങി വാർദ്ധക്യത്തിലെത്തി നിൽക്കുന്നവർക്കു വരെ സുഹൃത്ബന്ധങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. പുരുഷന്മാർ തമ്മിലും, സ്ത്രീകൾ തമ്മിലും സ്ത്രീയും പുരുഷനും തമ്മിലും സുഹൃത്ബന്ധങ്ങളുണ്ടവാറുണ്ട് .

" നീതിപാലിക്കാൻ വേണ്ടിയാണെങ്കിൽ പോലും ഒരു സുഹൃത്തിനെ ദ്രോഹിക്കരുത്" എന്ന് സൈറസ് പറഞ്ഞിട്ടുണ്ട്. നമ്മുടെ എല്ലാ പ്രശ്നങ്ങളും രഹസ്യങ്ങളും പങ്കുവയ്ക്കാൻ കഴിയുന്ന ഒരാൾ നമുക്ക് നിധി പോലെയാണ് .

സുഹൃത്ത് എന്നത് നിധിയാണ്, സമ്പാദ്യമാണ്. സങ്കടങ്ങളിലും സന്തോഷങ്ങളിലും ഒരുപോലെ ചേക്കേറി പറക്കാൻ എന്നും നമ്മുടെ കൂടെയുള്ളവർ.. കണ്ണുകളിൽ നോക്കി ഹൃദയമിടിപ്പിന്റെ താളവ്യത്യാസം തിരിച്ചറിയാൻ കഴിവുള്ളവരാണ് നമ്മുടെ യഥാർത്ഥ കൂട്ടുകാർ .

ചങ്കിൽ ചോരകൊണ്ടെഴുതിയ ഇതിഹാസമാണ് സുഹൃത്ബന്ധം. സുഹൃത്തുക്കൾ ഇല്ലാത്ത ജീവിതം നമുക്ക് ആലോചിക്കാനേ കഴിയില്ല .

' സൗഹൃദം' എന്നതിനെ ഒരുപാട് ചുവരുകളിൽ എഴുതിത്തീർത്തവരില്ല. കാരണം, സൗഹൃദം ഒരിക്കലും എഴുതി തീർക്കാനാവില്ല. പക്ഷേ, ഹൃദയത്തിന്റെ ചുവരിൽ അത് കൃത്യമായി എഴുതി ചേർക്കപ്പെട്ടിരിക്കുന്നു. രക്തബന്ധത്തെക്കാൾ വിലയേറിയ സുഹൃത് ബന്ധം എന്നും ഹൃദയത്തിന്റെ ചുവരിൽ മായാതെ കിടക്കും .

ദൈവം ഒരു കാണാത്ത ചരടിൽ കോർത്ത നമ്മെ വേർതിരിക്കാൻ സാധിക്കുന്നത് ആർക്കാണ് ?



മഴവിൽ നിറമുള്ള 'പോപ്പിൻസ്' നണയുമ്പോഴും ആ രുചി ആസ്വദിക്കുമ്പോഴും, സൗഹൃദത്തിന്റെ ആഴത്തിലിറങ്ങി ചെല്ലുകയാണ് നാം.

അറിഞ്ഞുമറിയാതെയും എവിടെയോവച്ച് അടുത്ത് പോകുന്ന മനസുകൾ, അക്ഷരത്തെറ്റ് ഏതുമില്ലാതെ രചിക്കപ്പെടുന്ന കവിത പോലെയാണ്. ദൈവം തുന്നിച്ചേർത്ത് ഒരു ചരടാണത്. സ്വയം നശിപ്പിച്ചാൽ അല്ലാതെ പൊട്ടിപ്പോകാത്ത ഒരു ചരട്.... പൊട്ടിപ്പോകാതെ സൂക്ഷിക്കാം..



# ഉമ്മാന്റെ കരള്

ഒരു രാത്രി മകൻ വീട്ടിൽ കയറി വന്നു. ഉമ്മയെ കൊന്ന് ഹൃദയം കയ്യിലെടുത്ത് അവൻ ഓടിപ്പോവുകയായിരുന്നു. ഒരു കല്ലിൽ തട്ടി അവൻ തെറിച്ചു വീണു. അവൻ ഉറക്കെ നില വിളിച്ചു. എന്റെ ഉമ്മാ... ഉമ്മയുടെ ഹൃദയം അവനോടു ചോദിച്ചു.. എന്തു പറ്റി മോനേ.. അപ്പോൾ അവനാ ഹൃദയം നെഞ്ചോടു ചേർത്തു വച്ച് പൊട്ടിക്കരഞ്ഞു

# സെൽഫി

ഗൾഫിലുള്ള മകന് ഒരു കോൾ വന്നു. ഉമ്മ മരിച്ചു. ആ സങ്കടവാർത്ത അറിഞ്ഞ ഉടൻ തന്നെ അവൻ നാട്ടിലേക്ക് തിരിച്ചു. കരഞ്ഞു കരുവാളിച്ച ഓരോ മുഖവും കണ്ടു. വെള്ള വസ്ത്രത്താൽ പൊതിഞ്ഞു കിടത്തിയിരിക്കുന്ന തന്റെ ഉമ്മയെ കണ്ടപ്പോൾതന്നെ കയ്യിലുള്ള ഐഫോൺ എടുത്ത് ഉമ്മാന്റെയൊപ്പം ഒരു സെൽഫിയെടുത്തു. അപ്പോൾ തന്നെ ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തു. ലൈക്കുകൾ കണ്ടാസ്വദിച്ച് അവൻ കാറിൽ കയറി. എത്തിയാലുടൻ വിളിക്കുമെന്നു കരുതി ഭാര്യ കാത്തിരുന്നു. എന്നാൽ ടിവിയിൽ വന്ന ഒരു വാർത്ത എല്ലാം തകർത്തെറിഞ്ഞു. കേരളത്തിൽ നിന്നും ദുബായിയിലേക്ക് പോയ വിമാനം കടലിൽ തകർന്നു വീണിരിക്കുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് ഭാര്യ പറഞ്ഞു.. അവസാനമായി ഭർത്താവിനൊപ്പം ഒരു സെൽഫിയെടുക്കാൻ എനിക്ക് സാധിച്ചില്ലല്ലോ..



# അമ്മ മനസ്സ്

ഡെയിന്റി മരിയ സാബു X D

ആദ്യമായ് ഞാൻ കണ്ടതെൻ അമ്മയേയല്ലോ
ആ മടിയിൽ കിടത്തി വാത്സല്യം ചൊരിഞ്ഞതും അമ്മയല്ലോ
മറക്കില്ല ആ സ്വപ്നം ഞാൻ.

അക്ഷര ലോകത്തിലേയ്ക്ക് ആനയിച്ചപ്പോഴും
അറിവിൻ സമുദ്രത്തിൽ ആറാടിച്ചപ്പോഴും
അറിയുന്നു ഞാൻ എൻ അമ്മതൻ സ്നേഹം
അമ്മിഞ്ഞപ്പാലിൻ മാധുര്യം.

എൻ ദുഃഖങ്ങളിൽ പങ്കുചേരും
എൻ ആനന്ദത്തിൽ പങ്കുചേരും
എൻ വഴികളിൽ തണലായ് നിൽക്കും
അമ്മേ.. മറക്കില്ല നിൻ സ്നേഹം ഞാൻ.



# പ്രളയവും നവകേരളവും

ജീവ ജോസ് IX:B

ദൈവത്തിൻറെ സ്വന്തം നാടാണല്ലോ കേരളം. ഭൂപ്രകൃതി കൊണ്ടും ശുചിത്വം കൊണ്ടും വിദേശികൾക്ക് എന്നും പറുദീസ. ഐക്യവും സാഹോദര്യവും നിറഞ്ഞുനിന്നിരുന്ന നാട്.



പ്രളയം തകർത്ത സംസ്ഥാനത്തിന്റെ പുനർ നിർമാണത്തിനുള്ള ബൃഹത് പദ്ധതിക്കുള്ള തയ്യാറെടുപ്പിലാണ് കേരളം. തകർന്നടിഞ്ഞ സംസ്ഥാനത്തെ പഴയ അവസ്ഥയിൽ പുനസ്ഥാപിക്കുകയല്ല, മറിച്ച് പുതിയ കേരളത്തെ സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി തികച്ചും ആസൂത്രിതവും പരിസ്ഥിതി സൗഹൃദവുമായ ഒന്നായി കേരളത്തെ പുനർനിർമ്മിക്കാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്.

അഭൂതപൂർവ്വമായ ദുരന്തത്തെയാണ് നാം അഭിമുഖീകരിച്ചത്. നാം അതിജീവിച്ച ദുരന്തത്തിന്റെ വ്യാപ്തിയുമായി തട്ടിച്ചുനോക്കിയാൽ അത്യന്തം പ്രശംസനീയമായ രക്ഷാപ്രവർത്തനവും ദുരിതാശ്വാസനടപടികളുമാണ് കൈക്കൊള്ളാനായത്. ഐക്യരാഷ്ട്രസഭ അടക്കം അന്താരാഷ്ട്ര ഏജൻസികളും ഗവൺമെന്റുകളും ആ നടപടിയെത്തുടർന്ന് അഭിനന്ദിക്കുകയുണ്ടായി. അതിന്റെ പേരിൽ ആത്മപ്രശംസയിൽ മുഴുകാതെ പുതിയ കേരളം കെട്ടിപ്പടുക്കുവാനുള്ള യത്നത്തിൽ മുഴുവൻ ജനങ്ങളും പങ്കുചേരണം. അത്തരമൊരു നവകേരള സൃഷ്ടിക്കായി മനുഷ്യവിഭവശേഷിയും സാമ്പത്തിക സമാഹരണവും ഭാവനാപൂർണ്ണമായ ആസൂത്രണവൈഭവവും സാങ്കേതികമികവും സമാഹരിക്കണം.

മനുഷ്യനു തടയാവുന്നതിന് അപ്പുറത്തുള്ള പ്രകൃതി പ്രതിഭാസമാണ് നാം അതിജീവിച്ച ദുരന്തത്തിന് മുഖ്യകാരണം. എന്നാൽ ആക്കം വർധിപ്പിച്ച മനുഷ്യനിർമ്മിത പ്രശ്നങ്ങൾ തെല്ലും അവഗണിച്ചുകൂടാ. കേരളത്തിലെ നദികളിലും നീരൊഴുക്കുകളിലും തടാകങ്ങളിലും കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തുടർന്നുവന്ന കയ്യേറ്റങ്ങളും നിഷേധാത്മക ഇടപെടലുകളും പ്രളയ ദുരന്തത്തിന് കാരണമായിട്ടുണ്ട്. അനിയന്ത്രിതമായ മണൽവാരൽ, പാറഖനനം ,വനനശീകരണം തുടങ്ങിയവ പ്രളയവും മണ്ണിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും വ്യാപകമാകാൻ കാരണമായി.

വികസനത്തിന്റെയും സാമൂഹികവളർച്ചയുടെയും പേരിൽ നടക്കുന്ന പ്രകൃതി വിരുദ്ധ പ്രവർത്തനങ്ങളും നവകേരള സൃഷ്ടിയിൽ അവഗണിക്കാനാവാത്ത ഘടകങ്ങളാണ്. പുതിയ കേരളം എന്നു പറയുമ്പോൾ ഒരു കൊച്ചു ഭൂപ്രദേശത്തിന് താങ്ങാൻ പറ്റാത്ത പ്രകൃതിവിഭവങ്ങളുടെ ചൂഷണവും വിപുലമായ നിർമാണപ്രവർത്തനങ്ങളും ആണ് മനസ്സിലേക്ക് കടന്നുവരുന്നത്.



പ്രകൃതിദത്തമായ നീരൊഴുക്കുകൾ തടഞ്ഞത് കടലിലേക്കുള്ള ജലനിർഗമനത്തിന് തടസ്സമായതാണ് പ്രളയത്തിലേക്ക് നയിച്ച കാരണങ്ങളിലൊന്ന്.

ഒരു ഗവൺമെന്റിനും ഒഴിപ്പിച്ചെടുക്കാൻ പറ്റാത്ത അനധികൃതകയ്യേറ്റങ്ങൾ ആണ് പ്രകൃതി അതിന്റെ വശീകരണശക്തി കൊണ്ട് ഒഴിപ്പിച്ചെടുത്തത്. പുഴകളുടെയും തോടുകളുടെയും ജലാശയങ്ങളുടെയും അതിർത്തി നിർണയിച്ച് സംരക്ഷിക്കുവാനുള്ള ഒരു അവസരം കൂടിയായി ഇത് മാറണം. അഴിമുഖങ്ങളിലെ നിർമ്മിതികളും അവിടെ ഉയർന്നുവരുന്ന മണൽത്തിട്ടകളും യഥാസമയം നീക്കം ചെയ്തു സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഭൂമിയെ കുപ്പത്തൊട്ടിയും നദികളടക്കം നീരൊഴുക്കുകളെ അഴുക്കുചാലുകളും ജലസംഭരണികളെ മാലിന്യചതുപ്പുകളുമാക്കി മാറ്റിയതിന്റെ ഞെട്ടിപ്പിക്കുന്ന ദൃശ്യങ്ങളാണ് പ്രളയം കാട്ടിത്തന്നത്. മാലിന്യങ്ങളുടെ സുരക്ഷിത നിർമാർജനത്തിന്റെ ആവശ്യം അത് സമൂഹത്തെ ഓർമ്മപ്പെടുത്തുന്നു.

റോഡുകളുടെയും സ്വകാര്യ വസതികളുടേയും പുനർനിർമാണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയെല്ലാം ബാധകമായ പെരുമാറ്റച്ചട്ടം നവകേരള നിർമിതിക്ക് അനിവാര്യമാണ്. ഇപ്പോഴത്തെ ദുരന്തം വികസനവൈകൃതങ്ങൾക്ക് പ്രകൃതി നൽകുന്ന മുന്നറിയിപ്പായി കാണണം. അതിൽനിന്ന് പാഠം ഉൾക്കൊള്ളാനുമുള്ള അവസരമായി നവകേരളനിർമിതി മാറണം.



പ്രളയം ബാക്കിയാക്കിയത് 12,012 ടൺ അജൈവ മാലിന്യങ്ങളാണ്. കേരള പുനർനിർമാണപദ്ധതിയിൽ കൃഷി, മത്സ്യബന്ധന മേഖലകളിലും പുനർനിർമാണം അനിവാര്യമാണ്. ജനങ്ങളുടെ പൂർണ്ണമായ പങ്കാളിത്തമാണ് പ്രളയാനന്തര നവകേരള സൃഷ്ടിക്ക് ഏറ്റവും ആവശ്യം. അതിനാൽ മുഴുവൻ ആളുകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം. നമുക്കൊരുമിക്കാം.. നവകേരള സൃഷ്ടിക്കായി.

# വിധി

അനീറ്റ ഷാജു IX D



കോടതിവരാന്തയിലൂടെ ഞെട്ടിക്കുന്ന വിധി കേട്ടശേഷം
അവൾ നടന്നു. നീതിക്കുവേണ്ടി പോരാടിയതുകൊണ്ടാവാം.
ആ ചുവടുകൾ ഇടറുന്നത്. അതോ കഴുകന്റെ
കാലിനടിയിൽ അമർന്ന കുഞ്ഞുപക്ഷിയുടെ ഭയം
കൊണ്ടുമാവാം.

പോരാടിയിട്ട് ലഭിക്കാത്ത നീതി ഇനി എവിടെ
നിന്ന് കിട്ടും എന്ന് അറിയാതെ അവൾ നടന്നു

നടന്ന് നടന്നവൾ നീതിക്കുവേണ്ടി മറ്റൊരു ലോകത്തേക്ക്
പോയി.....

അതു വിധിയാണെന്ന് മറ്റുള്ളവർ പറഞ്ഞു

# കാറ്റ് വന്ന് വിളിച്ചപ്പോൾ

ഹെബ്സിബ ബെന്നി IX D

പൂവറിഞ്ഞു
താൻ  വാർധക്യത്തിന്റെ പടിവാതില്ക്കൽ
പാദങ്ങൾ നീട്ടി ഇരിക്കയെന്ന്.

കാററ് വന്ന് മാടി വിളിച്ചവളെ,
സ്വർഗ്ഗയാത്രക്കായ്.....
വിമ്മിഷ്ടമൊന്നുമേ  കാണിച്ചിടാതെ
മനസ്സിലെ നൊമ്പരം  ഉള്ളിലൊതുക്കി.
കാറ്റിനെയൊന്ന് ചിരിച്ച് കാട്ടീട്ടങ്ങ്
അവന്റെ കൈയ്യും  പിടിച്ചിട്ട്  പറന്നകന്നൂ.

പാതിവഴിയെത്തിയപ്പോഴോ
കാറ്റു കൈവിട്ടവളെ
മണ്ണിൽ പതിഞ്ഞതും.
മനുജരുടെ കാൽപാദങ്ങൾ
അവളുടെ മേനിയിൽ പതിഞ്ഞതും
ജഡമായി തീർന്നവൾ ഉടനെ
മണ്ണിലലിഞ്ഞു.....
മണ്ണിന് സ്വന്തമായ്  തീർന്നൂ

# കാലാവസ്ഥ വ്യതിയാനവും ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയും

എറിൻ തോമസ് X A

പ്രകൃതിയെ കീഴടക്കാൻ ശ്രമിക്കുന്ന മനുഷ്യനെ പ്രകൃതിതന്നെ കീഴടക്കുന്ന അവസ്ഥയാണ് ഇന്ന് നാം കാണുന്നത്. കാലാവസ്ഥാവ്യതിയാനങ്ങൾ അത്രമേൽ ഭീകരമായാണ് മനുഷ്യരാശിയെ ബാധിച്ചിരിക്കുന്നത്. ഭൂചലനം, വെള്ളപ്പൊക്കം ,ചുഴലിക്കാറ്റ് തുടങ്ങിയവയെല്ലാം ഭൂമിയുടെ സന്തുലിതാവസ്ഥ തകിടം മറിയുന്നതിന്റെ പ്രതിഫലനങ്ങളാണ്.



ആഗോളതാപനം, വനനശീകരണം, ജലമലിനീകരണം, വായുമലിനീകരണം ഇവയെല്ലാം കാലാവസ്ഥ വ്യതിയാനത്തിന് കാരണമാകുന്നുണ്ട്. അന്തരീക്ഷത്തിൽ $CO_2$ മുതലായ വാതകങ്ങളുടെ സാന്നിധ്യം കൂടുമ്പോൾ ആഗോളതാപനം കൂടുന്നു. ഡൽഹിയിൽ ഇടയ്ക്കുണ്ടാവുന്ന സ്മോഗ് അന്തരീക്ഷ മലിനീകരണത്തിന് ഉത്തമ ഉദാഹരണമാണ്.

ഓഖി ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ഇവയെല്ലാം കേരളത്തിലെ എത്ര കുടുംബങ്ങളെയാണ് അനാഥരാക്കിയത്. സകലതും നഷ്ടപ്പെട്ട് ജീവൻ മാത്രം കയ്യിൽ കരുതി ഓടുന്ന മനുഷ്യൻ, പ്രകൃതിയുടെ സംഹാരതാണ്ഡവം കണ്ട് ഭയന്ന് വിറച്ചിരുന്നു. ഭൂകമ്പം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ലോകത്ത് പലയിടങ്ങളിലും ജനങ്ങൾ അഭിമുഖീകരിക്കുന്നു.



ഇവയെല്ലാം മനുഷ്യന്റെ തന്നെ അത്യാഗ്രഹത്തിന്റെയും പ്രകൃതിചൂഷണത്തിന്റെയും ഫലങ്ങളാണ്. വനനശീകരണം മൂലം മഴ കുറഞ്ഞു. മലിനീകരണത്തിന് കാരണമാകുന്ന ഒരു പ്രധാന വില്ലനാണ് പ്ലാസ്റ്റിക്. മണ്ണിൽ ജൈവഘടനയിൽ തന്നെ ശക്തമായ മാറ്റം വരുത്താൻ പ്ലാസ്റ്റിക്കിന് കഴിയും. ഒരിക്കലും നശിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്നത് പ്രകൃതിക്ക് തന്നെ നാശം വരുത്തുന്നു. വ്യവസായശാലകൾ പുറത്തുവിടുന്ന മാലിന്യങ്ങൾ മണ്ണിനേയും ജലത്തേയും അന്തരീക്ഷത്തെയും ഒക്കെ മലിനമാക്കുന്നു. ഇതിന്റെ ഫലമായി മാരകരോഗങ്ങൾ മനുഷ്യനെ ബാധിക്കുന്നു. സി എഫ് സി, ഭൂമിയുടെ സംരക്ഷണ കവചമായ ഓസോൺ പാളിക്ക് വിള്ളൽ ഉണ്ടാക്കുകയും, സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പതിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

കൃഷിയുടെ അളവ് കൂട്ടാൻ ഉപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളും മണ്ണിലുള്ള നൈട്രജൻ ഘടനയ്ക്ക് മാറ്റംവരുത്തി പരിസ്ഥിതിക്ക് ദോഷം ഉണ്ടാകുന്നു. ജലം, ഇരുമ്പ്, കൽക്കരി, സ്വർണം തുടങ്ങിയ ഭൂഗർഭ സമ്പത്തുകൾ ഖനനം ചെയ്ത് ഊറ്റി എടുക്കുന്നത് ആന്തരിക ഘടനയ്ക്ക് മാറ്റം വരുത്തി, ഭൂമികുലുക്കം, ഭൂകമ്പം ഇവയ്ക്ക് കാരണമാകുന്നു.

നാം അധിവസിക്കുന്ന ഭൂമി മനോഹരമായി സൂക്ഷിക്കേണ്ടതും ഭാവി തലമുറയ്ക്ക് ജീവിക്കാൻ അവിശേഷിപ്പിക്കേണ്ടതും നമ്മുടെ കടമയാണ്. അതിന് പ്രകൃതിയിലേക്ക് മടങ്ങി വരേണ്ടതിൻ ആവശ്യകത ഇന്ന് വർദ്ധിച്ചുവരുന്നു. ജൈവവൈവിധ്യങ്ങളുടെ ഘടന നഷ്ടപ്പെട്ടാൽ അത് ഭൂമിക്ക് തന്നെയാണ് ദോഷം. വനനശീകരണം നടത്തി വെല്ലുവിളിച്ച സ്ഥലങ്ങളിൽ വനം വെച്ചുപിടിപ്പിക്കണം. ' മരം ഒരു വരം' എന്ന ചൊല്ലും ' കാടില്ലെങ്കിൽ നാടില്ല, അല്ലെങ്കിൽ നാം ഇല്ല' ഇന്ന് ചൊല്ലും നമ്മെ വനസംരക്ഷണത്തെ കുറിച്ച് ഓർമിപ്പിക്കുന്നു.

മഴവെള്ളം ഒഴുകി പോകാതെ ഭൂമിയിൽ തന്നെ താഴ്ത്തുന്നതിന് അനുവദിക്കുക. ചരിവുള്ള സ്ഥലങ്ങളിൽ കയ്യാല കെട്ടിയും ചെടികൾ നിരവധി നട്ടുവളർത്തിയും മണ്ണൊലിപ്പ് തടയുക.

പ്ലാസ്റ്റിക് ഉപയോഗം കുറച്ച് പ്രകൃതി വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. സൈക്കിൾ സവാരി നടത്തി മലിനീകരണം കുറയ്ക്കുക. മാലിന്യം സൃഷ്ടിക്കാതിരിക്കാൻ ശ്രമിക്കുക. മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംരക്ഷിക്കുക , ജലമലിനീകരണം തടയുക ഇവയെല്ലാം പ്രകൃതിസംരക്ഷണത്തിന് പ്രധാനമാണ്.



കാലാവസ്ഥയിൽ അസന്തുലനം രൂക്ഷമായി ഉണ്ടാകാതിരിക്കാൻ പ്രകൃതിയെ സംരക്ഷിക്കലാണ് പ്രധാന ലക്ഷ്യം. വിവിധങ്ങളായ ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കുക. ചെടികൾക്ക് വളരാൻ ആവശ്യമായ നൈട്രജന് വേണ്ടി പയർ വർഗ്ഗത്തിൽപെട്ട ചെടികൾ നട്ടു വളർത്തുക. ജൈവവളങ്ങൾ മാത്രം ഉപയോഗിക്കുക. ഭൂമിയിലെ കാർബൺഡയോക്സൈഡിന്റെ അളവ് കുറയ്ക്കാൻ പ്രകാശസംശ്ലേഷണം നടക്കണം. അതിനു ചെടികളും മരങ്ങളും കൂടിയേ തീരൂ.

വരുംതലമുറയ്ക്ക് സ്വസ്ഥമായി ജീവിക്കണമെങ്കിൽ ജൈവവൈവിധ്യം സംരക്ഷിച്ച് ഭൂമിയെ നിലനിർത്താൻ നമുക്ക് കഴിയണം. അങ്ങിനെ ഭൂമിയെ പച്ചപ്പട്ടുവിരിപ്പിക്കണം. ഇതിനായി നമുക്ക് ഒരുമയോടെ പ്രവർത്തിക്കാം. നമ്മുടെ ബൃഹത്തായ സ്വപ്നങ്ങളുടെ കൂട്ടത്തിൽ ഭൂമിയെ സംരക്ഷിക്കുക എന്നതും നമുക്ക് കൂട്ടിച്ചേർക്കാം. അങ്ങനെയൊരു നല്ല നാളെയെ നമുക്ക് മെനഞ്ഞെടുക്കാം.

# എന്റെ വിദ്യാലയം


ആദിത്യ കെ എസ് VIII A

ഇരുവഞ്ഞിപ്പുഴയുടെ തീരത്ത്
അറിവിൻ വെളിച്ചം പരത്തിടുന്ന
ദൈവത്തിൻ പൊൻവീടാണ്
എൻ വിദ്യാലയം.


അറിവിൻ ലോകത്തേക്ക്
കൈ പിടിച്ച് നടത്തുന്നവർ
എൻ ഗുരുനാഥർ.
ഭാവിയെ കുറിച്ച് സ്വപ്നം കാണാൻ
പഠിപ്പിക്കുന്നവർ
എൻ ഗുരുനാഥർ.

നന്മ നിറയും വീട്
അറിവിൻ പൊൻവീട്
കാരുണ്യത്തിൻ കേദാരം
ഉല്ലാസത്തിൻ കളിവീട്.

# *Pencil Sketches*




by **Albin Raju**
**Music Teacher**




**by**
**Karthik Suresh VIII E**

# ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളിലൂടെ

ഐലിൻ മരിയ ഡെന്നി VIII D




" ഈ ദുരിതങ്ങൾക്കും ക്രൂരതകൾക്കും ഇടയിലും മനുഷ്യർ ആത്യന്തികമായി ഹൃദയത്തിൽ നന്മയുള്ളവർ ആണെന്ന് ഞാൻ വിശ്വസിക്കുന്നു"- ആൻഫ്രാങ്ക്.

യൂറോപ്പ് ഒരു സമ്മർദ്ദിത നാടകരംഗമായി മാറിയ നാസികാലഘട്ടത്തിൽ ഒരു പെൺകുട്ടി മരണത്തിന്റെ മുഖത്തു നോക്കിയിരുന്ന് തന്റെ ദിനസരികൾ കുറിച്ചുവെച്ചതു പിന്നീട് ലോകത്തെങ്ങുമുള്ള മനുഷ്യർക്ക് ഒരിക്കലുമടങ്ങാത്ത നോവിന്റെ അക്ഷരപാഠങ്ങളായി. ഈ ഡയറിക്കുറിപ്പുകളിൽ മനുഷ്യനെന്ന പദത്തിനേറ്റ പരിക്കിന്റെ രക്തമുണ്ട്; കണ്ണുനീരുണ്ട്. ലോകമനസ്സാക്ഷിയെ പിടിച്ചുലയ്ക്കുകയും സാന്ത്വനിപ്പിക്കുകയും പ്രത്യാശാനിർഭരമാക്കുകയും ചെയ്ത ആൻഫ്രാങ്ക് എന്ന പെൺകുട്ടിയുടെ ഡയറിക്കുറുപ്പുകൾ. *'The Diary of a Young Girl'* എന്ന ഇംഗ്ലീഷ് പതിപ്പിൽനിന്നും വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

ജർമ്മൻ അധീനതയിൽ പീഡനങ്ങളനുഭവിക്കുന്ന ജൂതസമൂഹത്തിൽപ്പെട്ട ഒരു പതിമൂന്നു വയസ്സുകാരി തന്റെ ചിന്തകൾ, വികാരങ്ങൾ, നിരീക്ഷണങ്ങൾ, വിശ്വാസങ്ങൾ എന്നിവയെല്ലാം യാതൊരു മറവുമില്ലാതെ തന്റെ ഏറ്റവും അടുത്ത സുഹൃത്തായ 'കിറ്റി' എന്നു പേരിട്ടിരിക്കുന്ന ഡയറിയുമായി പങ്കിടാനാരംഭിക്കുന്നു. 1942 ജൂൺ 12 മുതൽ 1944 ഓഗസ്റ്റ് 1 വരെയുള്ള ഈ കുറിപ്പുകൾ വേട്ടയാടപ്പെട്ട ഒരു സമൂഹത്തിന്റെ രോദനം കൂടിയാണ്.




ഒരുറ്റ സുഹൃത്തിന്റെ അഭാവത്തിൽ 'മനുഷ്യനേക്കാൾ സഹിഷ്ണുതയുള്ള 'കടലാസിനെ' ഒരു പിറന്നാൾദിനത്തിൽ സുഹൃത്തായി സ്വീകരിക്കികയാണ് ആൻ. തന്നെപ്പറ്റിയുള്ള ചെറിയ കുറിപ്പോടെ അവൾ പുതിയ സംരംഭത്തിലേക്കു കടക്കുന്നു. ഡാഡി-ഓട്ടോ ഫ്രാങ്ക്, മമ്മി- എഡിത്ത് ഫ്രാങ്ക്, ചേച്ചി- മാർഗോട്ട് , മുത്തശ്ശി തുടങ്ങിയവരെ പരിചയപ്പെടുത്തുന്നു. ഹോളണ്ടിലേക്കുള്ള കുടിയേറ്റം, യുദ്ധം, കീഴടങ്ങൽ, ജർമ്മൻകാരുടെ ആഗമനം, ജൂതന്മാർക്കേർപ്പെടുത്തിയിരിക്കുന്ന നിരോധനങ്ങൾ,

ഭയപ്പാടെയുള്ള ജീവിതം, മുത്തശ്ശിയുടെ മരണം- എല്ലാം ഇവിടെ പരാമർശിക്കപ്പെടുന്നു.

സഹോദരി മാർഗോട്ടിന് secret service -ലേക്കുള്ള സമൻസ് വന്നതോടുകൂടി സംഭവങ്ങൾ മാറിമറിയുന്നു. ഭയാനകമായ അന്തരീക്ഷം..വിലപ്പെട്ട സമ്പാദ്യങ്ങൾ സ്കൂൾബാഗിൽ കുത്തിനിറച്ച് അവർ ഒളിസങ്കേതത്തിലേക്ക് പുറപ്പെടുന്നു. പിതാവിന്റെ ഓഫീസ് മുറിക്കുപിന്നിലുള്ള ഒളിത്താവളത്തേക്കുറിച്ച് അവൾ വിശദമായി വിവരിച്ചിട്ടുണ്ട്. സദാസമയവും അവർ മരണ ഭയത്തോടെയാണ് ജീവിച്ചിരുന്നത്. ഈ ദുരിതങ്ങൾക്കിടയിലും പഠനം, വായന, ജോലികൾ, വിനോദം, തുന്നൽ എന്നിവയെല്ലാം മുന്നോട്ട് കൊണ്ടുപോകുവാൻ ഈ കുടുംബത്തിനു സാധിച്ചിരുന്നു.

ഒളിവിലെ അസാധാരണമായ അവളുടെ അനുഭവങ്ങൾ ഏറെ ഹൃദയഭേദകമാണ്. പലതിന്റെയും അപര്യാപ്തത, പ്രവേശനമണി മുഴങ്ങുമ്പോഴുള്ള ഭയം...എല്ലാം...

ഓഫീസ് ജോലിക്കാർ ചെയ്തു കൊടുക്കുന്ന സഹായങ്ങളാണ് അവർക്ക് ഏറെ ആശ്വാസം. ഗസ്റ്റപ്പോകളുടെ മനുഷ്യ രഹിതമായ പെരുമാറ്റങ്ങൾ, ജൂത ക്യാമ്പുകളിലെ ക്രൂരമായ സദാചാരലംഘനങ്ങൾ, സ്ത്രീ പീഡനങ്ങൾ, വിഷവാതക അറകളിലെ കൂട്ടക്കുരുതികൾ, തുടങ്ങിയ ദുഃഖകരമായ വാർത്തകളാണ് എപ്പോഴും കേൾക്കാൻ ഉള്ളത്.



യുദ്ധത്തിൻറെ ദുരിതഫലങ്ങൾ അവർ തെരുവുകളിൽ കാണുന്നു. ഭക്ഷണസാധനങ്ങൾ, നിത്യോപയോഗ സാധനങ്ങൾ,വസ്ത്രങ്ങൾ, തുടങ്ങിയവ യിലുള്ള ദൗർലഭ്യം നാൾക്കുനാൾ വർധിച്ചുവന്നു ഭീകരമായ ആകാശ യുദ്ധങ്ങൾ തീജ്വാലകൾ, വെടി യൊച്ചകൾ, ബോംബു വർഷങ്ങൾ, സൈറൺ വിളികൾ, ഇങ്ങനെ ഉറക്കം കെടുത്തുന്ന രാത്രികളായിരുന്നു ഓരോന്നും.

യുദ്ധഭീകരതകളെയും അവ മനുഷ്യമനസ്സിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളേയും ചിത്രീകരിക്കുന്ന ഒരു അസാധാരണ കൃതിയാണ് ഇത് .മനുഷ്യ മനസാക്ഷിയുടെ മുന്നിൽ എന്നും ഒരു വിലാപമായി നിലകൊള്ളുന്ന ആൻഫ്രാങ്ക് എന്ന കൗമാരക്കാരി. ജീവിതത്തിലെ ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ പോലും മനുഷ്യസ്നേഹവും ആത്മവിശ്വാസവും കൈവിടാതെ ഹൃദയവും ശിരസ്സുയർത്തിപ്പിടിച്ചു ജീവിതത്തെ അഭിമുഖീകരിക്കുവാൻ ഈ കൃതി നമ്മെ പ്രാപ്തരാക്കുന്നു.

# വഴികാട്ടിയായ സുഹൃത്ത്

അനീന പി എച്ച് IX A

നാട്ടിലെങ്ങും അറിയപ്പെടുന്ന എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു അവൾ. മണിക്കുട്ടി. മുത്തച്ഛന്റെ ഒരേയൊരു പേരക്കുട്ടി. അച്ഛനും അമ്മയും തന്നെ വിട്ടു പേയതിനു ശേഷം മണിക്കുട്ടിക്ക് ഏക ആശ്രയം മുത്തച്ഛനായിരുന്നു. ആളൊരു വായാടിയാണു കേട്ടോ! ആരെയും ചതിക്കാനോ വെറുക്കാനോ അവൾക്കറിയില്ല. അവൾക്കതിഷ്ടവുമല്ല. പുറത്ത് വലിയ ധൈര്യമൊക്കെ കാണിക്കുമെങ്കിലും ഒരു പേടിത്തൊണ്ടിയാ. മുത്തച്ഛനെ അവൾക്ക് വലിയ ഇഷ്ടമാണ്. ഒരിക്കൽ പോലും മുത്തച്ഛന്റെ കണ്ണു നിറയാൻ അവളാഗ്രഹിച്ചില്ല. അങ്ങനെയിരിക്കെ അവൾക്ക് കോളേദിൽ നിന്ന് ടൂർ പോകാൻ അവസരം കിട്ടി. ഇക്കാര്യം അവൾ മുത്തച്ഛനെ അറിയിച്ചു. തന്റെ കുട്ടിയുടെ കാര്യത്തിൽ വളരെ ശ്രദ്ധിക്കുകയും ആഗ്രഹങ്ങൾ സാധിക്കുകയും ചെയ്യുന്ന മുത്തച്ഛൻ ഇതിനും മുടക്കം പറഞ്ഞില്ല.

ടൂറിനുള്ള ദിവസമെത്തി. സന്തോഷത്തോടെ മുത്തച്ഛൻ അവളെ യാത്രയാക്കി. തന്റെ കോളേജിലെ സഹപാഠികളോട് കൂടെ വളരെ സന്തോഷത്തോടുകൂടെയാണ് അവൾ പോയത്.

നാടുചുറ്റുന്നതിനിടെ ഒരു വനം സന്ദർശിക്കാൻ അവർ പോയി. മരങ്ങൾ തിങ്ങിക്കൂടി ഇരുണ്ട് മൂടിയ ഒരു കാടല്ല അവർക്കവിടെ കാണാനായത്. മറിച്ച് പ്രകാശം ജ്വലിച്ചു നിന്ന ഒരു കാട്. കാടിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനിടെ തന്റെ കൂട്ടുകാരിൽ നിന്നും വഴി തെറ്റിയത് അവൾ അറിഞ്ഞില്ല. ആ വനത്തിൽ അവൾ ഒറ്റപ്പെട്ടു. സ്വയം ധൈര്യം കൈവരിക്കാൻ അവൾ ശ്രമിച്ചു. എങ്കിലും താൻ ഒറ്റപ്പെട്ടെന്ന സത്യം അവളെ വീണ്ടും ഭയത്തിലേക്ക് തള്ളിവിട്ടു. കൂട്ടുകാരെ കണ്ടെത്താൻ അവൾക്ക് സാധിച്ചില്ല. വിശന്നപ്പോൾ കയ്യിൽ കരുതിയിരുന്നതൊക്കെ കഴിച്ചു തീർത്തു. പേടിച്ച് തളർന്ന് അവൾ ആ കാട്ടിലൂടെ അലഞ്ഞു നടന്നു. ദൂരെ എവിടെയോ വെള്ളമൊഴുകുന്ന ശബ്ദം.. ശബ്ദം കേൾക്കുന്ന ദിക്കിലേക്ക് അവൾ നടന്നു. ശബ്ദത്തോട് കൂടുതൽ അടുത്തു. ഇലക്കൂട്ടങ്ങളെ വകഞ്ഞുമാറ്റി നോക്കിയപ്പോൾ അവൾ അതിശയിച്ചുപോയി!



മനോഹരമായ വെള്ളച്ചാട്ടം. ആ നിമിഷം അവൾ എന്തെന്നില്ലാതെ സന്തോഷിച്ചു. ഓടിച്ചെന്ന് വെള്ളത്തിലിറങ്ങി. കൈകാൽ കഴുകി വെള്ളം കുടിച്ചു. പാറപ്പുറത്തിരുന്ന് വിശ്രമിക്കുമ്പോൾ പെട്ടന്ന് ഒരു കൈ അവളെ തട്ടി വിളിച്ചു. ഒരു പയ്യൻ. അവനെ കണ്ടതും അവൾ വല്ലാണ്ട് പരിഭ്രമിച്ചു.

“പേടിക്കേണ്ട! ഞാൻ തന്നെ ഒന്നും ചെയ്യില്ല. എന്റെ പേര് നീൽ. ഈ കാട്ടിൽ താനെങ്ങനെയാണ് ഒറ്റപ്പെട്ടത്? ഞാൻ കുറച്ചു നേരമായി തന്റെ പിന്നാലെ ഉണ്ടായിരുന്നു. താൻ കണ്ടില്ലെന്നേയുള്ളൂ.”

അവൻ സംസാരിച്ചു തുടങ്ങിയപ്പോൾ മണിക്കുട്ടിയുടെ ഉള്ളിൽ നിന്നും ഭയം പതിയെ മായാൻ തുടങ്ങി. അവൾക്കൊരാശ്വാസം തോന്നി. അവളുടെ ചുണ്ടിൽ പുഞ്ചിരി വിടർന്നു. അവൾ തന്നേക്കുറിച്ചെല്ലാം നീലിനോടു പറഞ്ഞു. രണ്ടു പേരും അവരുടെ സന്തോഷങ്ങളും ദുഃഖങ്ങളും പങ്കു വച്ച് നല്ല കൂട്ടുകാരായി. നീലും മണിക്കുട്ടിയെ പോലെയായിരുന്നു. അവനുമുണ്ടായിരുന്നില്ല, ഒരച്ഛനും അമ്മയും.

തന്നെ കാടുകടക്കാൻ സഹായിക്കാമെന്നും വീട്ടിൽ തിരിച്ചെത്തിക്കാമെന്നും

നീൽ വാക്കു കൊടുത്തു. അവൾക്കത് വളരെ ആശ്വാസമായി. അവർ വെള്ളവും പഴങ്ങളും ശേഖരിച്ച് കാട്ടിൽ നിന്നും യാത്ര തിരിച്ചു. കാട്ടരുവികളും മേടുകളും കടന്ന് അവർ എവിടെയോ എത്തി. സൂര്യവെളിച്ചം അവരെ കടന്നു പോകാൻ തിരക്കു കൂട്ടി.

തുറവിയിലേക്ക് കടന്ന അവർ എവിടെ നിന്നോ ഒരു വാഹനത്തിന്റെ ശബ്ദം കേട്ടു. അവർ ആ ദിക്കിനെ ലക്ഷ്യമാക്കി നടന്നു. നിരത്തിലെത്തിയ അവർക്ക് എന്തെന്നില്ലാത്ത ആശ്വാസം. നീൽ അവളെ മുത്തച്ഛന്റെ അടുക്കലെത്തിച്ചു. മുത്തച്ഛന്റെ മിഴികൾ നിറഞ്ഞൊഴുകി. ആ തുള്ളികളിൽ ആനന്ദത്തിന്റെയും സാന്ത്വനത്തിന്റെയും നിറവുണ്ടായിരുന്നു. ആപത്ഘട്ടങ്ങളിൽ കൂടെയുണ്ടാകുന്നവരാണ് യഥാർത്ഥ കൂട്ടുകാർ എന്ന് മണിക്കുട്ടി മനസിൽ പറഞ്ഞു.



# ആരോഗ്യം മനസ്സിനും ശരീരത്തിനും

അലീന റെജി    X B

'മരണം ജീവിതത്തിന്റെ ഏറ്റവും വലിയ നഷ്ടമല്ല, ജീവിച്ചിരിക്കുമ്പോൾ തന്നെ സംഭവിക്കുന്ന മനസ്സിന്റെ മരണമാണ് ഒരാളുടെ ഏറ്റവും വലിയ നഷ്ടം.' - ഇതു നോർമൻ കസിൻസ് എന്ന ചിന്തകന്റെ വാക്കുകളാണ്. ശരീരത്തിന്റെ ആരോഗ്യത്തെക്കാൾ പ്രാധാന്യം മനുഷ്യന്റെ മനസ്സിന്റെ ആരോഗ്യമാണ് എന്ന സത്യം മനസിലാക്കാത്തവരാണ് ശരീരം ഉള്ളപ്പോൾത്തന്നെ ജീവിതം നഷ്ടപ്പെടുന്ന അനുഭവങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത്.



ശരീരത്തിനു മാത്രമല്ല, മനസ്സിനും ബുദ്ധിക്കും ആത്മീയതക്കും ധാർമീകതക്കും ബന്ധങ്ങൾക്കും എല്ലാം വേണം ആരേഗ്യം. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. മനസിൽ സന്തോഷമുണ്ടെങ്കിൽ ജീവിതത്തിൽ പ്രകാശമുണ്ട്. മനസിനൊരു സുഖവുമില്ല എന്നു വിതുമ്പുന്നവരുടെ ജീവിതത്തിൽ മറ്റെന്തുണ്ടെങ്കിലും അവരുടെ മുഖം പ്രസന്നമാവില്ല. സ്വന്തം മനസ്സിൽ ആത്മവിശ്വാസം ഉണ്ടെങ്കിൽ മാത്രമേ, സദാ

പ്രസന്നവദരാകാൻ നമുക്കു കഴിയൂ. മനസ്സിന്റെ അനാരോഗ്യം ജീവിതപ്രതിസന്ധികളെ നേരിടാൻ പലരെയും അശക്തരാക്കുന്നുണ്ട്. ഇത് മനസ്സിൽ ഒരുതരം സമ്മർദ്ദം രൂപപ്പെടുത്തുന്നു. ഇന്ന് ലോകത്തിൽ 35 കോടി ജനങ്ങൾ പലതരത്തിലുള്ള മാനസിക സമ്മർദ്ദങ്ങൾക്ക് അടിമകളാണ് എന്ന മനശാസ്ത്രജ്ഞരുടെ നിഗമനം ശ്രദ്ധേയമാണ്.

"നിങ്ങളെപ്പോഴും സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സദാ സന്തോഷിക്കുവിൻ' എന്ന ബൈബിൾ വാക്യം ലോകപ്രശസ്തമാണ്. സന്തോഷം ഒരാളുടെ ആഭ്യന്തരകാര്യമാണ്. ആത്മവിശ്വാസമാണു മാനസികാരോഗ്യത്തിന്റെ അടിസ്ഥാനം. കാലുകൾ ശരീരത്തിനെ താങ്ങി നിർത്തുന്നു, ആത്മവിശ്വാസം മനസ്സിനെയും.

നിങ്ങൾക്ക് സമ്പത്ത് ഉണ്ടാകാം; സൗന്ദര്യം ഉണ്ടാകാം, നിരവധി കഴിവുകൾ ഉണ്ടാകാം. പഠനത്തിൽ നിങ്ങൾ ഒന്നാംസ്ഥാനത്ത് ആയിരിക്കും. എങ്കിലും സ്വന്തം മനസ്സിനെ, ചിന്തകളെ, പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള കരുത്തില്ലെങ്കിൽ നിങ്ങൾ ഒന്നുമല്ല. അതിനാൽ സ്വന്തം ജീവിതത്തിൽ നിന്നും, സ്വയം അഭിമാനിക്കാനുള്ള വക കണ്ടെത്താനുള്ള ആത്മവിശ്വാസം എന്ന കഴിവാണ് നാം ആദ്യം ആർജിക്കേണ്ടത്.

നമ്മൾ എപ്പോഴും മനസ്സിൽ പോസിറ്റീവ് എനർജി നിറയ്ക്കുക. അങ്ങനെ ജീവിത വിജയം നേടാം.



# ചിറകുള്ള മനസ്

ഷിഹാദ് 8A

ക്ലാസിൽ ഇരിക്കയാണ് ഞാൻ
എന്നാൽ മനസിൻ ചിറക്
മുളച്ചുയർന്നു പറക്കുന്നു.
കാടും മലയും പുഴയും കടന്ന്
പുതിയ ലോകത്തേക്ക് പറക്കുന്നു.

വ്യത്യസ്തതകളുടെ കേദാരം
നമ്മുടെ പ്രകൃതി...
കാടിന്റെ നിഗൂഢത
കാറ്റിന്റെ ശക്തി
പുഴയുടെ വിശുദ്ധി

ഭാഗ്യവാനാണ് ഞാൻ
പുതിയ സ്വപ്നങ്ങളിലേക്ക്
പറന്നുയരാൻ
പ്രേരണ തരുന്ന ഭൂമിയോട്
നന്ദിയാണെനിക്ക്..



# ചതിയൻ മഴ

കാർത്തിക സുരേഷ്
IX D



അന്ന് വിഷുവിന്റെ തലേ ദിവസമായിരുന്നു. രാവിലെ നല്ല വെയിലായിരുന്നു. ഞാനും അമ്മയും അനുജനും കൂടി കണി വെക്കാനും സദ്യയൊരുക്കുവാനും മറ്റുമുള്ള സാധനങ്ങൾ വാങ്ങുവാൻ തിരുവമ്പാടിയിലേക്ക് പോയി. വെയിൽ ഉരുക്കി ആഭരണങ്ങളാക്കി അണിഞ്ഞുനിൽക്കുന്ന കണിക്കൊന്നമരങ്ങൾ വഴിയിലുടനീളം കണ്ണിന് വർണ്ണപ്പകിട്ടേകി. എല്ലാ കടകളിലും തുണിത്തരങ്ങളുടെയും മറ്റും ഘോഷയാത്ര തന്നെയായിരുന്നു

പടക്കക്കടകളിൽ പൂത്തിരി കത്തുന്നത് പോലെ ജനാവലി. സാധനങ്ങൾ വാങ്ങി വീട്ടിലെത്തിയപ്പോൾ ഏകദേശം ഉച്ചയോടടുത്തിരുന്നു

വീട്ടിലെ കണിക്കൊന്നയിൽ പൂക്കൾ ഇല്ലാത്തതുകൊണ്ട് അടുത്ത വീട്ടിലേത് പറിക്കാം എന്നു കരുതി. പൂ പറിച്ചു കൊണ്ടിരിക്കുമ്പോൾ ആകാശം മേഘാവൃതമായി കൊട്ടി അറിയിക്കാതെ മഴ കൊട്ടിയിറങ്ങി.



പൊടിപടലങ്ങൾ അടിഞ്ഞുകൂടി കിടന്ന കണിക്കൊന്ന മരത്തിന്റെ ഇലകളും പൂക്കളും ആ പേമാരിയിൽ വർണ്ണശബളമായി. ആ മഴയിൽ പച്ചയിൽ മഞ്ഞനിറം ഇടകലർന്ന ഇലകളുള്ള ആ മരം വൈരമുത്തുകൾ പൊഴിക്കുന്നതുപോലൊരു പ്രതീതി.

പൊടിപാറിനിന്ന റോഡുകളും ഇടവഴികളും മഴയിൽ ഏതോ ഒരു രാജാവിന്റെ ആജ്ഞ അനുസരിക്കും പോലെ ഒതുങ്ങിനിന്നു. കരഞ്ഞുവറ്റിയ മുഖങ്ങളുമായി നിന്ന് കുളങ്ങൾ കണ്ണീരൊഴുക്കി.

കുടയില്ലാത്തതിനാൽ നനഞ്ഞ് ഞങ്ങൾ മഴയിലൂടെ നടക്കാൻ ബുദ്ധിമുട്ടി. എങ്കിലും കൊട്ടുംവേനലിൽ ആ മഴ ഒരു സാന്ത്വനമായിരുന്നു.

കുളിരണിഞ്ഞ മഴയത്ത് കൊന്നപ്പൂവുമായി വിഷുക്കണിയൊരുക്കുവാൻ ഞങ്ങൾ

**വീട്ടിലേക്ക് നടന്നു.**



# ഗുരു എന്ന പ്രകാശം

Riya Asainar X C

നവഭാരത സൃഷ്ടിക്കായി ദേശീയബോധമുള്ള പൗരന്മാരെ വാർത്തെടുക്കുക എന്ന നിയോഗമാണ് ഓരോ അധ്യാപകനുമുള്ളത്. ഗുരുകുലവിദ്യാഭ്യാസകാലത്തെ മുനിവര്യന്മാർ മുതൽ നമ്മുടെ ഇപ്പോഴത്തെ ഹൈടെക് ടീച്ചേഴ്സ് വരെയുള്ള അധ്യാപകരുടെ ജീവിതത്തിന്റെ ധന്യതയെ ശിഷ്യലോകം നമിക്കുന്ന പവിത്രദിനമാണ് സെപ്റ്റംബർ5 -അധ്യാപകദിനം.



ഇന്ത്യയുടെ രാഷ്ട്രപതിയും പ്രശസ്ത അധ്യാപകനുമായിരുന്ന ഡോ.എസ്സ്.രാധാകൃഷ്ണന്റെ ജന്മദിനമാണ് അധ്യപക ദിനമായി ആചരിക്കുന്നത്. ഈ ദിവസം നമ്മുടെ എല്ലാ അധ്യാപകരേയും നന്ദിയോടെ ഓർക്കുകയും സ്നേഹത്തോടെ ആദരിക്കുകയും ചെയ്യാം.

വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്നവരാണ് യഥാർത്ഥ അധ്യാപകർ. നമ്മുടെ എല്ലാ അധ്യാപകരും നമ്മെ പ്രചോദിപ്പിക്കുന്നവരാകണം. ഇരുട്ടിനെ അകറ്റുന്നത് പ്രകാശമാണ്. അതിനാൽ ഗുരുവാണ് നമ്മുടെ വെളിച്ചം. ഗുരു എന്ന സംസ്കൃത പദത്തിന്റെ അർത്ഥം ഇരുട്ടിനെ അകറ്റുന്നവർ എന്നാണ്. എല്ലാ ശിഷ്യരും ഈ വെളിച്ചത്തിനായി കാത്തുനിൽക്കുന്നു. ഓരോ ക്ലാസും അധ്യാപകന് ഒരു പുതിയ ലോകം തന്നെയാണ്. ആരും തന്നെ കണ്ടെത്താത്ത നവീനമായ തലങ്ങളിലേക്ക് കുട്ടിയെ നയിക്കുവാനുള്ള കഴിവാണ് ഒരു നല്ല അധ്യാപകന്റെ മഹത്വമെന്നാണ് ചിന്തകനായ തോമസ് ഗ്രൂം പറയുന്നത്.


ആരുമറിഞ്ഞില്ലെങ്കിലും സ്വകാര്യമായ ഒട്ടനവധി ത്യാഗങ്ങളുടെയും ആത്മനൊമ്പരങ്ങളുടെയും മുകളിലിരുന്ന് എരിഞ്ഞുകൊണ്ടാണ് നമ്മുടെ മുമ്പിൽ അവർ നിത്യവും അക്ഷരപ്പൂക്കളായി വിരിയുന്നത്. സമഭാവനയാൽ എല്ലാ വിദ്യകളും പഠിപ്പിക്കുന്ന

അധ്യപകരെയാണ് ഇന്നത്തെ വിദ്യർത്ഥികൾ കൊതിക്കുന്നതും സ്വപ്നം കാണുന്നതും. വിദ്യാർത്ഥികളുടെ സ്വപ്നങ്ങൾക്കു ചിറകുനൽകി പഠിപ്പിക്കുന്നവരായ അധ്യാപകർക്ക്, ഒത്തിരി ബാല്യങ്ങളെ മൂല്യബോധത്തിൽ ഉറപ്പിച്ചതിന്റെ ധന്യത ജീവിതവിജയമായി കാണുന്നവരാണവർ. ഗുരുഭക്തിയാണ് ശിഷ്യന്റെ പൂർണമാർഗം. ജീവിതം ഗുരുത്വപ്രഭയാൽ പ്രഫുല്ലമാകട്ടെ.



# യഥാർത്ഥ ധനം

അബിജിത്ത് സെബാസ്റ്റ്യൻ IX D



ധനികനായ വ്യാപാരിയായിരുന്നു ചന്ദ്രകാന്തൻ. ഒരിക്കൽ ചന്ദ്രകാന്തൻ തന്റെ ജോലിക്കാരനായ കൃഷ്ണദാസനോടൊപ്പം സവാരിക്കിറങ്ങി. ധനികനായ തന്നോട് നാട്ടുകാർക്ക് വലിയ സ്നേഹവും ബഹുമാനവുമാണെന്നായിരുന്നു ചന്ദ്രകാന്തന്റെ വിചാരം. എന്നാൽ കുറേദൂരം പോയപ്പോഴാണ് ചന്ദ്രകാന്തന് ഒരു കാര്യം മനസ്സിലായത്. തന്നെ ആരും ഗൗനിക്കുന്നില്ല. പക്ഷേ കൃഷ്ണദാസിനെ എല്ലാവരും പുഞ്ചിരിയോടെ അഭിവാദ്യം ചെയ്യുന്നു ! അത്ഭുതം അടക്കാനാവാതെ ചന്ദ്രകാന്തൻ ചോദിച്ചു : "കൃഷ്ണദാസാ, ധനികനായ എന്നെക്കാളും കൂടുതൽ പരിചയക്കാർ ദരിദ്രനായ നിങ്ങൾക്കാണല്ലോ. എല്ലാവരും നിങ്ങളെ നോക്കി പുഞ്ചിരിക്കുന്നത് കണ്ടില്ലേ? എങ്ങനെ ഇത്രയുംപേർ നിങ്ങളുടെ പരിചയക്കാരായി?"

ഇതുകേട്ട് കൃഷ്ണദാസൻ വിനയപൂർവ്വം പറഞ്ഞു: ഇവരൊന്നും എന്റെ പരിചയക്കാർ അല്ല . ഇവരിൽ പലരെയും ഞാൻ അറിയുകപോലുമില്ല !

"ങേ! പിന്നെന്താ അവരെല്ലാം നിങ്ങളെ കണ്ടു ചിരിക്കുന്നത്?" ചന്ദ്രകാന്തന് അത്ഭുതം അടക്കാൻ കഴിഞ്ഞില്ല.

"അതോ! ഞാൻ അവരെ കാണുമ്പോൾ പുഞ്ചിരിക്കും, അവർ ഇങ്ങോട്ടും. നമ്മൾ ഏതുരീതിയിൽ മറ്റുള്ളവരോട് പെരുമാറുമോ അതേപോലെ അവരും നമ്മോട് പെരുമാറും!

കൃഷ്ണദാസന്റെ വാക്കുകൾ കേട്ടു ചന്ദ്രകാന്തൻ ലജ്ജിച്ചുപോയി. ധനികൻ ആണെന്നുള്ള അഹന്തമൂലം മറ്റുള്ളവരെ ചെറുതായി കാണുന്നതാണ് തനിക്കുള്ള കുഴപ്പം! അന്നുമുതൽ ചന്ദ്രകാന്തൻ മറ്റുള്ളവരെ പുഞ്ചിരിയോടെ അഭിവാദ്യം ചെയ്യാൻ ശീലിച്ചു .



# സാഹിത്യം

ഷാന ഷിജു IX D

സാഹിത്യം എന്നത് ഒരു അത്ഭുത സംഭവമാണ്. മനുഷ്യമനസ്സിനെ ചിന്തിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്യുന്ന ഒരു മഹാസംഭവം. ചിലപ്പോൾ അത് അത്ഭുതങ്ങൾക്കും ഒട്ടേറെ സാമൂഹിക പരിവർത്തനങ്ങൾക്കും കാരണമായേക്കാം. വാക്കുകളുടെ വിസ്ഫോടനമാണ് സാഹിത്യം. ചേരേണ്ട പദങ്ങൾ ചേരേണ്ട സ്ഥാനത്ത് പ്രയോഗിക്കുമ്പോൾ അത് മൂർച്ചയുള്ള വാക്യങ്ങളാകുന്നു. മലയാളസാഹിത്യമെന്നത് ഒരു വൻവൃക്ഷമാണ്. അതിന് ഒട്ടേറെ ശാഖകളുണ്ട്. ശാഖകൾ വേരിൽ നിന്ന് ജലവും ലവണങ്ങളും സ്വീകരിച്ചാണ് വളർച്ച പ്രാപിക്കുന്നത്. അത് നമ്മുടെ മലയാളഭാഷയാണ്. ഒരു സാഹിത്യസൃഷ്ടിയെ നല്ല ഒരു വിഭവം തയ്യാറാക്കുന്നതിനോട് നമുക്ക് ഉപമിക്കാം ഒറ്റയ്ക്ക് നിന്നാൽ ഉപയോഗശൂന്യമാണെന്ന് തോന്നിയാലും കൂടിച്ചേരുമ്പോൾ അവ ഏറെ രുചിയുള്ളതാകുന്നു. എന്നാൽ ആവശ്യത്തിലധികം എന്തെങ്കിലും ചേർന്നാൽ അത് ഉപയോഗശൂന്യമാകുന്നു.



എന്റെ അഭിപ്രായത്തിൽ ഓരോ മനുഷ്യനിലും സാഹിത്യവാസനയുണ്ട് . അത് കണ്ടെത്തി അതിന് വായനയാകുന്ന വളവും വെള്ളവും ഇട്ടാൽ അത് കൂടുതൽ പുഷ്ടി പ്രാപിക്കുന്നു. നോബേൽ സമ്മാനജേതാവായ മലാല യൂസഫ്സായ് പറയുന്നതുപോലെ തൂലിക ആകട്ടെ നമ്മുടെ ആയുധം. തൂലികയിൽനിന്ന് അടർന്നു വീഴുന്ന വാക്കുകൾ സമൂഹത്തിലെ അനീതിക്കെതിരെയുള്ള വെടിയുണ്ടകൾ ആകട്ടെ .

# പ്രകൃതി

നവ്യ സുധാകരൻ 8B

എത്രയുണ്ടെന്നാലും
ആസ്വദിച്ചാൽ തീരില്ലല്ലോ
എൻ പ്രകൃതിഭംഗി

കളകളമൊഴുകുന്ന നദിയും
ഭംഗിയാർന്ന പൂക്കളും
ഹരിതാഭ പുതച്ച പുൽമേടുകളും
സൗന്ദര്യവതിയാക്കുന്നു
ഈ പ്രകൃതിയെ.

കാടും മലയും പൂവും പുല്ലും
ശലഭവുമാറും കിളികളുമെല്ലാം
ഭൂമീമാതേ കനിഞ്ഞു തന്നു
ആനന്ദത്തിൽ ആറാടിക്കാൻ.



# ഉത്സവങ്ങൾ

സ്നേഹ മെറിൻ ആന്റണി IX E

ഉത്സവങ്ങളുടെ നാടാണ് കേരളം. കേരളീയരുടെ ആസ്വാദനശേഷി വളരെ കൂടുതലാണ്. അതാണ് ഉത്സവങ്ങളോടുള്ള നമ്മുടെ ആഭിമുഖ്യത്തിന് കാരണം. ഉത്സവത്തിൽ പങ്കെടുക്കുന്നതിന് വിഭാഗീയത ഒന്നുമില്ല.



അത്തപ്പൂവിട്ട് ഓണത്തപ്പനെ സ്വാഗതം ചെയ്യുന്നത് മുതൽ പത്ത് ദിവസങ്ങൾ പലതരത്തിലുള്ള ആഘോഷങ്ങൾക്ക് തുടക്കമായി. പ്രകൃതി തന്നെ അതിനൊരുക്കുന്ന കാഴ്ചകളും ആരെയും ആകർഷിക്കും. അതുകൊണ്ട് തന്നെയാണ് പുറംനാടുകളിലുള്ളവർ ഉത്സവാന്തരീക്ഷം അനുഭവിക്കാൻ ഇങ്ങോട്ട് വരുന്നത്. കർക്കിടകമഴ പെയ്തൊഴിഞ്ഞ ശുദ്ധമായ അന്തരീക്ഷമാണ് ഓണത്തിന്റെ പ്രകൃതിയൊരുക്കുന്ന മേന്മ. ചെടികൾ നിറയെ പൂക്കളുമേന്തി നിൽക്കുകയും പുഴകൾ ശാന്തഗംഭീരമായി ഒഴുകുകയും ചെയ്യുന്നു .



പിന്നെ തുലാമഴ കഴിഞ്ഞാണ് ഉത്സവങ്ങളുടെ പുനരാരംഭം. വൃശ്ചികമാസം മിക്ക സമുദായത്തിൽ പെട്ടവർക്കും വ്രതകാലമാണ്. പല ഉത്സവങ്ങൾ തുടങ്ങുന്ന കാലവുമാണിത്. പ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഉത്സവങ്ങൾ ക്ഷേത്രങ്ങളിലും ക്രിസ്ത്യൻ ദേവാലയങ്ങളിലും സുലഭമാണ് .




പിന്നീടങ്ങോട്ടുള്ള മാസങ്ങൾ പലതരം ഉത്സവങ്ങൾക്ക് വേദിയൊരുക്കുന്നു. കേരളത്തിൽതന്നെ തെക്കും വടക്കും മേഖലകൾ വ്യത്യസ്ത സമ്പ്രദായങ്ങളിലുള്ള ഉത്സവങ്ങളിൽ മുഴുകുകയോ ഉത്സവങ്ങൾക്ക് വേണ്ടി തയ്യാറാവുകയോ ചെയ്യുന്നു.

ഈ സമയങ്ങളിൽ തന്നെയാണ് വിദ്യാലയങ്ങളിൽ യുവജനോത്സവങ്ങൾക്ക് വിളക്ക് കൊളുത്തുന്നത്. ഓരോ വിദ്യാലയത്തിൽ നിന്നും പടർന്ന് ഉപ ജില്ലകളിലേക്കും ജില്ലകളിലേക്കും വ്യാപിക്കുകയും സംസ്ഥാനത്തിൽ അതിഗംഭീരമായ പരിപാടികളോടെ പരിസമാപ്തി കുറിക്കുകയുമാണ് പതിവ്. യുവജനോത്സവങ്ങൾക്ക് മാതൃകയാകുന്നത് നമ്മുടെ നാട്ടിൻപുറങ്ങളിലെ ഉത്സവങ്ങളാണ്. പട്ടണത്തിൽ ഉത്സവങ്ങൾ താരതമ്യേന കുറവാണ്.



വൃശ്ചികവ്രതമാണ് ഹിന്ദുക്കൾ ശബരിമല യാത്രയ്ക്ക് മുന്നോടിയായി എടുക്കുന്നത്. അതിന്റെ ഭാഗമായിട്ടുള്ള കൊച്ചുകൊച്ച് ആഘോഷങ്ങൾ ഉത്സവാന്തരീക്ഷം സൃഷ്ടിക്കും. ഈ ഉത്സവങ്ങൾ മകരസംക്രമത്തോടെ സമാപിക്കും .



ഇതിനിടെയാണ് ക്രിസ്തുമസ്. പൊതുവേ രാജ്യം മുഴുവൻ ഉത്സവാന്തരീക്ഷം സൃഷ്ടിക്കുന്ന ക്രിസ്തുദേവന്റെ ജനനം ക്രിസ്ത്യാനികൾക്ക് മാത്രമല്ല, എല്ലാവർക്കും ആഘോഷമാകുന്നു. ഇതരമതവിശ്വാസികളെ അതിഥികളായി ക്ഷണിച്ച് ആദരിക്കുവാൻ എല്ലാ വിഭാഗക്കാരും ഇത്തരം സന്ദർഭങ്ങളാണ് ഉപയോഗിക്കുന്നത്. കേരളീയർ, പ്രത്യേകിച്ചും ഉത്തരകേരളത്തിൽ ഉള്ളവർ ആഥിത്യ മര്യാദകളിൽ മുമ്പന്മാർ ആണ്.



ഇതേ കാലത്തുതന്നെയാണ് മുസ്ലീങ്ങൾ നോമ്പ് ആചരിക്കുന്നതും. പകൽ മുഴുവൻ നോമ്പനുഷ്ഠിക്കുകയും ശേഷം നോമ്പ് തുറക്കലിനുശേഷം ഭക്ഷണം കഴിക്കുകയുമാണ് പതിവ്. പൊതുവേ മലബാർ മേഖലകളിലാണ് ഇതിന് കൂടുതൽ പ്രചാരം ഉള്ളത് .ഉത്സവങ്ങളുടെ നാടുതന്നെ കേരളം. ഈ ജനതയുടെ ഊർജ്ജവും സാംസ്കാരികകേദാരവും ഉത്സവങ്ങൾ തന്നെ.

# കേരളവിശേഷങ്ങൾ

ANJALO POULOSE (X D)

1.കേരളത്തിലെ അദ്യത്തെ ബ്രിട്ടിഷ് കലാപം നടന്നത് ?

-ആറ്റിങ്ങൽ

2.കേരളത്തലെ ചുവർചിത്രനഗരം ?

-കോട്ടയം

3.ക്രിസ്തു ഭാഗവതം രചിച്ചത് ആര് ?

-പി.സി ദേവസ്യ

4.കോഴിക്കോട് നഗരം ഉണ്ടയത് ?

-1295

5.കേരളത്തിലെ എറ്റവും നീളം കൂടിയ നദി ?

-പെരിയാർ

6.കേരളത്തിലെ റെയിൽവെ സ്റ്റേഷനകൾ എത്ര ?

-188

7.പോഞ്ഞിക്കര എന്നറിയന്ന ദ്വീപ് ?

-ബോൾഗാട്ടി

8.കേരളത്തിലെ തീരപ്രദേശ ദൈർഘ്യം ?

-580 കി.മീ

9.കേരളത്തിലെ ആദ്യ ശിശു സൗഹൃദ പഞ്ചായത്ത് ?

-വെങ്ങാന്നൂർ

10.കേരളം മുഴവൻ അടക്കിവാണ ആദ്യത്തെ ചേരചക്രവർത്തി ?

-ഗോദവരി വർമ്മ

11.സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിച്ച് വിതരണം ചെയ്ത പഞ്ചായത്ത് ?

-മാങ്കുളം

12.തണ്ണിർമുക്കം ബണ്ട് ഏത് കായലിനു കുറുകേയാണ് ?

-വേമ്പനാട്ട്കായൽ

13.കശുവണ്ടി വ്യവസായത്തിന് പ്രസിദ്ധമായ ജില്ല ?

-കൊല്ലം

# ദൈവത്തെ കാണാനില്ല

ഫഹ്മിയ ഷെറിൻ XA

വികൃതികളായ രണ്ടു സഹോദരന്മാരാണ് വർക്കിയും ആന്റപ്പനും. വലിയ മണ്ടന്മാരായിരുന്നു അവർ. അയൽക്കാരൻ വീടിനുള്ളിലായിരിക്കുമ്പോൾ വീട് പുറത്തുനിന്നു പൂട്ടുക, മറ്റുള്ളവരുടെ വളർത്തു മൃഗങ്ങൾക്കുമേൽ ചായം പൂശി നിറം മാറ്റുക തുടങ്ങിയവയൊക്കെയായിരുന്നു അവരുടെ പരിപാടികൾ. അയൽക്കാരുടെ പരാതികളും വഴക്കും കേട്ട് അവരുടെ അമ്മയ്ക്ക് സഹികെട്ടു. അവർ കുട്ടികളേയും കൂട്ടി പള്ളീലച്ചന്റെ സമീപമെത്തി.

അവരെ ഓരോരുത്തരെയായി ഉപദേശിക്കാമെന്നു കരുതി അച്ചൻ ആദ്യം വർക്കിയെ അടുത്തു വിളിച്ചു.

“നിനക്ക് ദൈവത്തെക്കുറിച്ച് അറിയാമോ ?

അച്ചൻ ചോദിച്ചു.

വർക്കി മറുപടി പറഞ്ഞില്ല.

“പറയൂ . ദൈവം എവിടെയുണ്ടെന്നാ ചോദിച്ചത് " പുരോഹിതൻ ശബ്ദമുയർത്തി.

വർക്കി നിശ്ശബ്ദനായി നിന്നതേയുള്ളൂ. എന്നാൽ മൂന്നാമതും നാലാമതും ചോദ്യം ആവർത്തിച്ചപ്പോൾ അവൻ ഇറങ്ങി ഒറ്റ ഓട്ടം വച്ചുകൊടുത്തു . വർക്കി നേരെ ആന്റപ്പന്റെ അടുത്തെത്തിയിട്ടു പറഞ്ഞു:

“ദൈവത്തെ കാണാനില്ലത്രേ! നമ്മൾ ആ സാധനം എടുത്തു വച്ചിരിക്കുകയാണെന്നാ അച്ചന്റെ സംശയം"

വർക്കിയുടെ പിന്നാലെ വന്ന അച്ചൻ ഇതുകേട്ട് അന്തം വിട്ടു നിന്നു പോയി



# ഒരു നിധിയുടെ കഥ

അജന്യ ടി.എസ് X E

പണ്ട് ഒരു ഗ്രാമത്തിൽ ദരിദ്രരായ രണ്ട് സഹോദരന്മാരുണ്ടായിരുന്നു. കുടിലിലായിരുന്നു അവരുടെ താമസം. ഒരുദിവസം അവരിൽ ജ്യേഷ്ഠൻ മരിച്ചു. അദ്ദേഹത്തെ സംസ്കരിക്കാനായി അനുജൻ കുടിലിന്റെ മുറ്റം കുഴിച്ചു. അപ്പോഴതാ മണ്ണിനടിയിൽ ഒരു കുടം. അതിൽ നിറയെ സ്വർണമായിരുന്നു!

അനുജനു വലിയ ദുഃഖം തോന്നി. ജ്യേഷ്ഠൻ ജീവിച്ചിരുന്ന കാലമത്രയും ഈ നിധി ഇവിടെത്തന്നെ ഉണ്ടായിരുന്നു. ഇത് കിട്ടുമായിരുന്നെങ്കിൽ ഒരിക്കലും ജേഷ്ഠന് ദരിദ്രനായ ജീവിക്കേണ്ടി വരില്ലായിരുന്നു.

" ജ്യേഷ്ഠന് കിട്ടാത്ത ഭാഗ്യം എനിക്കും വേണ്ട!" അയാള് കുടം പുഴയിലേക്ക് വലിച്ചെറിഞ്ഞു. പുഴയിൽ മുങ്ങി കക്ക വാരുകയായിരുന്ന ഒരാൾക്ക് ഇത് കിട്ടി. അയാൾ ആ നാട്ടിലെ സ്വർണ്ണപ്പണിക്കാരന് അത് പണയംവെച്ച് വലിയ ഒരു തുക വാങ്ങി. പക്ഷേ അളവില്ലാത്ത പണം കൈവശം വന്നതോടെ അയാളൊരു ചൂതാട്ടക്കാരൻ ആയി!

പണയം വെച്ച് കിട്ടിയ പണം മുഴുവൻ അയാൾ നശിപ്പിച്ചു. ഒരിക്കലും പണം തിരികെ കൊടുത്തു കുടം തിരിച്ചു വാങ്ങാൻ അയാൾക്ക് കഴിഞ്ഞില്ല.! വർഷങ്ങൾ കഴിഞ്ഞു. സ്വർണ്ണപ്പണിക്കാരന്റെ മകൻ ചോദിച്ചു." എന്താണ് കുടത്തിൽ"



മോനെ ഒരാൾ ഈ കുടം അടുത്തുണ്ടായിട്ടും കണ്ടില്ല. മറ്റൊരാൾ ഇത് കിട്ടിയിട്ടും പുഴയിൽ എറിഞ്ഞു. മൂന്നാമനാകട്ടെ ഇത് പണം ആക്കിയിട്ടും ജീവിതത്തിൽ ഗുണമൊന്നുമുണ്ടായില്ല. എല്ലാം കേട്ട് മകൻ പറഞ്ഞു അച്ഛാ അളവറ്റ പണം എവിടെ ഇരുന്നാലും അതും നാശമുണ്ടാക്കും. നമുക്കിത് ഈ നാട്ടിലെ സാധുക്കൾക്ക് നൽകാം.



സ്വർണ്ണപ്പണിക്കാരൻ സമ്മതിച്ചു. അങ്ങനെ അവർ നിധി പാവങ്ങൾക്ക് വിതരണം ചെയ്തു. ദരിദ്രരായിരുന്ന ജനങ്ങൾക്ക് അതൊരു നേട്ടംതന്നെയായിരുന്നു. അവർക്ക് പുതിയ ഒരു ജീവിതത്തിനു ആരംഭമായി. ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ബുദ്ധിമുട്ടുന്നവരായിരുന്നു അവർ. ആ വലിയ നിധി പാവപ്പെട്ട ആ ജനങ്ങൾക്കു നൽകിയതോടെ സ്വർണ്ണപ്പണിക്കാരനും അയാളുടെ മകനും വളരെ സന്തോഷമായി. ഇത് അവരുടെ ജീവിതത്തിൽ നടന്നൊരു പുണ്യപ്രവർത്തിയായി അവർ കരുതി.

# പഴഞ്ചൊല്ലുകൾ

EDWARD SONY XB

. ആറടി മണ്ണിൽ എല്ലാവരും തുല്യർ
. ആപത്തു വരുമ്പോൾ കൂട്ടത്തോടെ
. ആയിരം പണമുള്ളവൻ മറന്നിരിക്കും പണമുള്ളവൻ ആടിത്തുള്ളും
. ആധി തന്നെ വ്യാധി
. ആനയെ വിഴുങ്ങിയാലും ചെറുവിരൽ കൊണ്ട് മറയ്ക്കണം
. ആയില്യം അയൽ മുടിക്കും
. ഇരിക്കും കൊമ്പ് മുറിക്കരുത്
. ഇരുതോണിയിൽ കാല് ചവിട്ടരുത്
. ഇല വന്ന് മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും ഇലക്ക് കേട്
. ഇരിക്കുംമുമ്പ് കാലു നീട്ടരുത്
. അല്പജ്ഞാനം ആപത്ത്
. അഴകുള്ള ചക്കയിൽ ചുളയില്ല
. അവസരം സൃഷ്ടിയുടെ മാതാവാണ്
. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
. അലസ്സന്റെ തല പിശാചിന്റെ പണിപ്പുര
. അറിവാണ് ശക്തി
. അടുപ്പം ഏറിയാൽ മടുപ്പ് കൂട്ടും
. അടി തെറ്റിയാൽ ആനയും വീഴും
. അധികമായാൽ അമൃതും വിഷം. അരിയെറിഞ്ഞാൽ ആയിരം കാക്ക
. അണ്ണാൻകുഞ്ഞും തന്നാലായത്
. അത്താഴം മുടക്കാൻ നീർക്കോലി വിചാരിച്ചാൽ മതി
. അത്താഴം അത്തിപ്പഴത്തോളം
. അച്ഛൻ അരി കുറച്ചാൽ അമ്മ അത്താഴം കുറയ്ക്കും
. അകത്തറുത്താൽ പുറത്തറിയാം
. അകത്തൊന്ന് മുഖത്തൊന്ന്
.അത്യാവശ്യക്കാരൻ വില വിലപേശില്ല.
.അസൂയക്കും കഷണ്ടിക്കും മരുന്നില്ല

# കുട്ടൻകാക്കയുടെ ട്യൂബ്തോണി

മുഹമ്മദ് റിസ്വാൻ VIII E

എന്റെ അമ്മയുടെ അനിയനെ ഞാൻ വിളിക്കുന്നത് കുട്ടൻകാക്ക എന്നാണ്. ഗൾഫിൽനിന്ന് അന്ന് കുട്ടൻകാക്ക വന്നു. പെട്ടികൾ ഓരോന്നായി തുറക്കുമ്പോൾ എല്ലാവരും ആകാംക്ഷാഭരിതരായി കാത്തിരുന്നു . ഏതെങ്കിലും ഒരു പെട്ടിയിൽ നിന്ന് തനിക്കും എന്തെങ്കിലും കിട്ടുമോ എന്നാണ് എല്ലാവരും നോക്കുന്നത്. ഞാനും അങ്ങനെ ആഗ്രഹിച്ചു.. പക്ഷേ അതു പുറത്തുകാണിച്ചില്ല. എല്ലാവരും തന്നെ സാധനങ്ങൾ കൊണ്ടു പോകുമ്പോൾ വെറുംകയ്യോടെ തിരിഞ്ഞ എന്നെ കാക്ക വിളിച്ചു.. ഒരു കവർ തന്നു തുറന്നുനോക്കിയപ്പോൾ ഒരു ട്യൂബ്തോണി. കുട്ടൻ അത് വാങ്ങി വീർപ്പിച്ചു തന്നു. ഞാനതു നോക്കി. രണ്ടു പേർക്ക് സഞ്ചരിക്കാൻ പറ്റുന്ന ചെറുതോണി.



അപ്പോൾ തന്നെ കാക്ക എന്നെയും കൊണ്ട് പുഴയിലേക്ക് പോയി. തുഴ ഇല്ലാത്ത തോണിയായിരുന്നു. ദൂരേക്ക് പോയാൽ പിന്നെ കയറു വെച്ച് കരയിൽ ഉള്ളവർ വലിക്കണം. ഞാൻ കയറിയപ്പോൾ കയറു വലിച്ചില്ല. ധൈര്യം വരട്ടെ എന്നു കാക്ക കരുതി. പുഴയുടെ നടുക്ക് എത്തിയ ഞാൻ കുറെ കരഞ്ഞു. രണ്ടു കയ്യും വെച്ച് തുഴഞ്ഞു തുഴഞ്ഞു ഏകദേശം അരമണിക്കൂർ ആയിട്ടുണ്ടാകും കരയിലെത്താൻ. എത്തിയപ്പോൾ തന്നെ ഞാൻ ദേഷ്യത്താൽ ആളിക്കത്തി. പിന്നെയാണ് എനിക്ക് ധൈര്യം കിട്ടാനാണ് കുട്ടൻകാക്ക അങ്ങനെ ചെയ്തത് എന്ന് എനിക്ക് മനസ്സിലായത്.



# എൻ ചെറുലോകം

ഷോൺ സിജോ
9B

എന്റെ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി
ഏതു ഉയരം വരെ പറക്കുന്നുവോ
അവിടെ വരെയാണ് എന്റെ ആകാശം
എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയേ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതു വരെയാണ് എന്റെ സാമ്രാജ്യം
കാല പ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റുവീഴുന്ന
മഞ്ഞുതുള്ളിയായി
സ്നേഹം എന്നിൽ എത്ര
ആഴത്തിൽ നിറഞ്ഞ് ഒഴുകി
പരക്കുന്നുവോ
അതാണ് എന്റെ കടൽ
കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ
പ്രതീക്ഷയാം
നിലാവെളിച്ചത്തിൽ
മോഹപൂക്കൾ
കാട്ടിയ വഴിയേ
കാലമാം കടലിൽ
ഞാനെൻറെ ജീവിതത്തോണി തുഴയുന്നു



# ബ്ളും ബ്ളും നഗരങ്ങൾ

ഷഹല പിഎസ്        IX:A

മുപ്പത് വർഷം കഴിയുമ്പോൾ ജക്കാർത്ത എന്ന മഹാനഗരം ഭൂമിയിൽ ഉണ്ടാകില്ല !എന്താ പേടിച്ചുപോയോ ?സംഗതി സത്യമാണ്.

ഇന്തോനേഷ്യയുടെ തലസ്ഥാനമായ ജക്കാർത്ത അതിവേഗം മുങ്ങിക്കൊണ്ടിരിക്കുന്ന നഗരമാണ്. ഒരുകോടിയിലേറെ ആളുകൾ താമസിക്കുന്ന ജക്കാർത്ത 2050 ആകുമ്പോഴേക്കും പൂർണമായും കടലിൽ മുങ്ങി പോകും!



കഴിഞ്ഞ പത്ത് വർഷത്തിനിടെ ജക്കാർത്തയിൽ കടൽ രണ്ടരമീറ്റർ പൊങ്ങിയിട്ടുണ്ട് അതായത് ഓരോവർഷവും 25cm വീതം കടൽ ഉയരുകയാണ് വടക്കൻ ജക്കാർത്തയുടെ കുറേഭാഗം ഇപ്പോൾതന്നെ വെള്ളത്തിലാണ്. അവിടെയുള്ള പല വീടുകളിലും വെള്ളം കയറിയതിനാൽ ആളുകൾ ഉപേക്ഷിച്ചുപോയി.

പത്തുവർഷത്തിനുള്ളിൽ വടക്കൻ ജക്കാർത്ത പൂർണ്ണമായി മുങ്ങും ഇവിടെയുള്ള 40 ലക്ഷം പേർ ഉടൻ താമസം മാറേണ്ടിവരും.



ഇന്തോനേഷ്യയിലെ ഏറ്റവുംവലിയ തുറമുഖമായ ജക്കാർത്ത കടലിൽ മുങ്ങി ഇല്ലാതാകുന്നത് ആ നാട്ടുകാർക്ക് ആലോചിക്കാൻ പോലും കഴിയില്ല. അതുകൊണ്ട് ഈ നഗരത്തെ എങ്ങനെയും രക്ഷിച്ചെടുക്കാനുള്ള ശ്രമങ്ങൾ ഒരുവശത്ത് നടക്കുന്നുണ്ട്. പക്ഷേ അതത്ര എളുപ്പമല്ല.

## ലോകം മുങ്ങുന്നു


ഇന്തോനേഷ്യയിൽ മാത്രമല്ല! ലോകത്ത് മിക്ക സ്ഥലങ്ങളിലും കടൽനിരപ്പ് ഉയരുകയാണ്.

മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുന്നത് കാരണം കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റമാണ് ഇതിന്റെ ഒരു കാരണം. ക്രമം തെറ്റിയ കാലാവസ്ഥയിൽ കൂടുതൽ മഴ പെയ്യുന്നു. മഞ്ഞുമലകൾ ഉരുകുന്നു. അങ്ങനെ കടലിലെ ജലനിരപ്പ് കൂടി കര മുങ്ങുന്നു.

മണ്ണിൽ നിന്ന് വെള്ളം അമിതമായി ഊറ്റിയെടുക്കുന്നതാണ് മറ്റൊരു കാരണം. ഇത് കര താഴാൻ കാരണമാകുന്നു.

# കടലിനു നടുവിൽ തീ

JOMON GEORGE X B



പണ്ടുകാലത്ത് മുങ്ങിപ്പോയി കടലിന്റെ അടിത്തട്ടിൽ കിടക്കുന്ന കപ്പലുകളിൽ നിന്ന് നിധി തിരയുന്നവർ ആണ് റോക്കിയും ഗോൽക്കിയും.

നട്ടാൽ കുരുക്കാത്ത നുണ പറഞ്ഞ് മറ്റുള്ളവരുടെ മുന്നിൽ ആളാകുന്നതാണ് റോക്കിയുടെ വിനോദം. റോക്കി ഒരു നുണ പറഞ്ഞാൽ ഗോൽക്കി രണ്ട് നുണ പറഞ്ഞു പൊങ്ങച്ചം കാണിക്കും. അതാണവരുടെ പതിവ്.

ഒരുദിവസം പതിവുപോലെ റോക്കി ആളുകളെ വിളിച്ചുവരുത്തി തന്റെ വീര കഥ പറയാൻ തുടങ്ങി.

" ഞാനിന്നലെ കടലിൽ പോയി ഒരു സ്രാവിനെ പിടികൂടി. മുറിച്ചു നോക്കുമ്പോൾ എന്താ കഥ! അതിന്റെ വയറ്റിൽ ഒരു സ്വർണ്ണക്കട്ടിയിരിക്കുന്നു. പണ്ടു മുങ്ങിപ്പോയ ഏതോ കപ്പലിലുള്ള സ്വർണ്ണക്കട്ടിയാ.. അത് ഈ സ്രാവ് വിഴുങ്ങിയതായിരുന്നു ...."

ആളുകളെല്ലാം കഥ കേട്ടിരിക്കുകയാണ്. അപ്പോഴാണ് ഗോൽക്കി അവിടേക്ക് വന്നത് വന്നയുടനെ ഗോൽക്കി "ശെടാ! എന്റെ ബോട്ട് നടുക്കടലിൽ തീപിടിച്ചു പോയി...."

അതുകേട്ട് എല്ലാവരും അമ്പരന്നു ഗോൽക്കിയെ നോക്കി" അതെങ്ങനെ? അവർ

ചോദിച്ചു.

ഗോൽക്കി പറഞ്ഞു മുങ്ങിക്കിടക്കുന്ന ഒരു പഴയ കപ്പലിലേക്ക് ഞാനൊരു കൊളുത്തിറക്കി. എന്തോ തടഞ്ഞു. ഞാനതു വലിച്ചു പൊക്കി.


എല്ലാവരും പിന്നീട് എന്ത് സംഭവിച്ചു എന്നറിയാൻ ആകാംഷയോടെ ഗോൽക്കിയെ നോക്കിയിരിക്കുകയാണ്.ഗോൽക്കി തുടർന്നു.

അതൊരു റാന്തൽ വിളക്കായിരുന്നു. ആ കപ്പൽ മുങ്ങിയിട്ട് ഇന്നേവരെ അത് കെട്ടിരുന്നില്ല. അതിൽ നിന്ന് തീ പടർന്നാ എന്റെ ബോട്ട് കത്തിപ്പോയത്.



# തിരുഹിതം

ജെസ് മാത്യു IX D



വരികയാണ് വരികയാണ്
വരികയാണ് ഞങ്ങൾ
അൾത്താരദീപമായി
വരികയാണ് ഞങ്ങൾ

സുഖവും സന്തോഷവും
പങ്കിട്ട് ഞങ്ങൾ
പരസ്പരം കൈകോർത്ത
പാടിപ്പുകഴ്ത്തും

ദൈവത്തിൻ കല്പന
എന്നെന്നും പാലിച്ചാൽ
നമ്മൾക്ക് തുണയേകും
ഈശ്വരനെന്നും

ദൈവത്തിൻ അരുമയായി
വളർന്നീടാൻ കഴിയണേ
ഹിതം പോലെ വളർന്നീടാൻ
വരമേകണേ ദൈവമേ

കാക്കണേ ദൈവമേ
ഞങ്ങളെ എന്നും .....
വസിക്കണമേ ദൈവമേ
ഞങ്ങളിൽ എന്നും......

# തൊഴിൽ ജീവിത ധർമ്മം

നന്ദന സുമേഷ് IX A

ജീവിത സമ്പാദനത്തിനു വേണ്ടി ന്യായപൂർണ്ണമായ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് മനുഷ്യൻ ഏർപ്പെടുന്ന കായികമോ ബൗദ്ധികമോ ആയ പ്രവർത്തനമാണ് തൊഴിൽ.

അതെ. ജീവിക്കാനായി സമ്പാദിക്കുന്നതിനായി മനുഷ്യൻ കായികമായോ ഭൗതികമായോ ഏർപ്പെടുന്ന പ്രവർത്തനമാണ് തൊഴിൽ എങ്കിൽ ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്നത് തൊഴിലാണോ???



കൈക്കൂലി വാങ്ങി പോക്കറ്റ് നിറയ്ക്കുന്ന പ്രവർത്തനത്തിന് തൊഴിൽ എന്നാണോ വിളിക്കേണ്ടത്?? ഇന്ന് നമ്മുടെ നാട്ടിൽ ഒരു സർക്കാർ ഓഫീസിലോ അഥവാ സ്വകാര്യസ്ഥാപനത്തിലോ ഒരു ആവശ്യത്തിനു ചെന്നാൽ, അതിനാവശ്യമായ വിവരങ്ങൾക്ക് മുൻപേ നമ്മൾ അവർക്ക് കൈക്കൂലി നൽകണം. എന്നാൽ ഇതിനെ എതിർക്കുന്ന എത്ര പേർ നമ്മുടെ നാട്ടിലുണ്ട്? ഉദ്യോഗസ്ഥരുടെ നിർബന്ധത്തിനു കൈക്കൂലി കൊടുക്കുന്നവരും ആവശ്യക്കാരുടെ നിർബന്ധത്തിനു കൈക്കൂലി വാങ്ങുന്നവരും നമ്മുടെ നാട്ടിലുണ്ട്.

ഒരു പക്ഷേ നമ്മുടെ നാട്ടിൽ നടക്കുന്ന പല കൊള്ളരുതായ്മകൾക്കും കാരണം കൈക്കൂലി തന്നെയാണ്. നമ്മൾ കൈകൂലി ചോദിക്കുന്നവർക്ക് കൈക്കൂലി നൽകി കൊള്ളരുതായ്മയിലൂടെ നടത്താൻ പ്രോത്സാഹിപ്പിക്കാതെ അങ്ങനെ ചോദിക്കുന്നവർക്ക് അർഹമായ ശിക്ഷ വാങ്ങി കൊടുത്ത് അവരെ നന്മയിലേക്ക് നയിക്കുകയാണ് വേണ്ടത്.

ജീവസന്ധാരണമാണ് തൊഴിലിന്റെ ലക്ഷ്യം. അതെ.. പട്ടിണി കിടക്കാതെ ആരോഗ്യകരമായ ജീവിതം എന്നതാണ് തൊഴിലിന്റെ ലക്ഷ്യം. പട്ടിണിയുടെയും വിശപ്പിന്റെയും വില അറിയാത്തവർക്ക് തൊഴിലിന്റെ മഹത്വം അറിയില്ല എന്നത് മറ്റൊരു പ്രപഞ്ചസത്യമാണ്.

തൊഴിൽ ക്ലേശകരമാണ്. ബുദ്ധിമുട്ടാതെ ആർക്കും ഒന്നും നേടാൻ കഴിയില്ല. പരിശ്രമിച്ചീടുകിൽ വിജയിച്ചീടും എന്ന വാക്കുകളുടെ നിഴലിൽ ആ ബുദ്ധിമുട്ടുകളെ തരണം ചെയ്ത് മുന്നോട്ട് പോകുമ്പോഴാണ് ഒരാളുടെ ജീവിതം ധന്യമാകുന്നത്. അധ്വാനിച്ച് ഭക്ഷിക്കുമ്പോഴാണ് ഒരു മനുഷ്യന് യഥാർത്ഥ സംതൃപ്തിയും സന്തോഷവും അനുഭവിക്കാൻ കഴിയുക. യഥാർത്ഥത്തിൽ തൊഴിൽ ആത്മസംതൃപ്തി നൽകുന്ന ഒരു പ്രവർത്തിയാണ്. ശാസ്ത്രസാങ്കേതിക തലത്തിലായാലും സാംസ്കാരിക ധാർമിക തലത്തിലായാലും വളർച്ചയുണ്ടാകുന്നത് തൊഴിലിലൂടെയാണ്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശ്രേയസ്സും തൊഴിലിനെ ആശ്രയിച്ചാണിരിക്കുന്നത്.

അദ്ധ്വാനം കൂടുതലുള്ള തൊഴിലിനെ പണി, വേല എന്നൊക്കെയും അധ്വാനം കുറഞ്ഞവയെ ജോലി എന്നും, പദവിയുള്ള തൊഴിലിനെ ഉദ്യോഗം എന്നുമെല്ലാം



പറയുന്നുണ്ട്. എങ്കിലും തൊഴിൽ ജീവിക്കാൻ വേണ്ടിയാണ്.

എല്ലാ തൊഴിലും മാന്യമാണ്. കായിക അധ്വാനത്തെക്കാളും ബൗദ്ധിക വ്യാപാരങ്ങൾക്ക് ലോകമെങ്ങും തന്നെ മുന്തിയ പരിഗണന നൽകിപ്പോരുന്നുണ്ട്. മാന്യതയും പദവിയും അന്തസ്സും ഏതു തൊഴിലിനും സമാനമാണ്.

തൊഴിലിന്റെ മഹത്വം അംഗീകരിക്കുന്നതോടൊപ്പം തൊഴിലാളിയുടെ വ്യക്തിത്വവും പരിരക്ഷിക്കപ്പെടണം. ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന ഒരാൾക്ക് വേതനത്തിന് ന്യായമായും അവകാശമുണ്ട്. അയാൾ ചൂഷണങ്ങളിൽ നിന്ന് മുക്തനാകണം. തൊഴിലാളി ഒരിക്കലും അടിമയല്ല. തൊഴിലാളിയുടെ അഭിപ്രായസ്വാതന്ത്ര്യം ഒരിക്കലും നിഹനിക്കപ്പെട്ടുകൂടാ.




# ഗണിത

# വിശേഷങ്ങളിലേക്ക്



ഫിലോ എയ്ഞ്ചൽ ജോസഫ് IX C


1. പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായിരുന്ന ഭാസ്കരാചാര്യൻ മകളുടെ പേരിൽ രചിച്ച ഗണിതശാസ്ത്ര ഗ്രന്ഥം?



2. രാമാനുജൻ സംഖ്യ ഏതാണ്?
3. ബൈനറി സമ്പ്രദായത്തിൻ ഉപജ്ഞാതാവ് ആര്?
4. ഗൂഗോൾ എന്ന സംഖ്യ ആദ്യമായി ഉപയോഗിച്ച ഗണിതശാസ്ത്രജ്ഞൻ ആരാണ്?
5. വികർണ്ണങ്ങൾ ലംബവും സമീപവശങ്ങളുടെ ജോഡികൾ തുല്യവുമായ ചതുർഭുജം?
6. കാൽക്കുലേറ്റിങ് മെഷീൻ കണ്ടുപിടിച്ചത് ആരാണ്?
7. 'ഗണിത തിലകം',' സിദ്ധാന്തശേഖരം'എന്നീ പ്രാചീന ഗണിതശാസ്ത്ര ഗ്രന്ഥങ്ങളുടെ കർത്താവ്?
8. നിഴലിന്റെ നീളം അളന്ന പിരമിഡുകളുടെ ഉയരം കണ്ടെത്തിയ ആദ്യ ഗണിത ശാസ്ത്രജ്ഞൻ ?



9. ' 10 ' എന്ന സംഖ്യയിൽ നിന്ന് എത്ര പ്രാവശ്യം 1 കുറയ്ക്കാം?
10. ആയിരത്തിന് തുല്യമായ റോമൻ സംഖ്യ ഏത്?
11. ഗണിതശാസ്ത്രത്തിലെ ഏകദം എന്ന ആശയത്തിന്റെ ഉപജ്ഞാതാവ് ആരാണ് ?
12. നാല് ഒന്നുകൾ കൊണ്ട് എഴുതാൻ കഴിയുന്ന ഏറ്റവും വലിയ സംഖ്യ എത്രയാണ്?
13. ഗണിത ശാസ്ത്രത്തിലെ ബൈബിൾ എന്നറിയപ്പെടുന്ന ഗ്രന്ഥം?



14. റോമൻ അക്കങ്ങളിൽ നൂറിനെ പ്രതിനിധീകരിക്കുന്നത്?
15. സമപാർശ്വ ത്രികോണത്തിലെ പാദകോണുകൾ തുല്യ അളവ് ഉള്ളവയാണെന്ന് ആദ്യമായി പ്രസ്താവിച്ചത് ആരാണ്?
16. 1 മുതൽ 5 വരെയുള്ള തുടർച്ചയായ എണ്ണൽ സംഖ്യകളുടെ തുക കാണാനുള്ള സൂത്രവാക്യം കണ്ടുപിടിച്ചതാരാണ്?

17. $a$ x $a=a^2$ എന്ന് എഴുതുന്ന രീതി ആദ്യമായി അവതരിപ്പിച്ചത് ആരാണ്?

18. ഗണിത സിദ്ധാന്തത്തിൻറെ ഉപജ്ഞാതാവ് ആര്?

19. ഒച്ചിന്റെ ആകൃതിയിലുള്ള വക്രം ഏത്?

20. ബീജ ഗണത്തിലെ മൗലിക പ്രമേയം ആദ്യമായി തെളിയിച്ച ഗണിതശാസ്ത്രജ്ഞൻ?

21. ഹ്യൂമൻ കമ്പ്യൂട്ടർ എന്നറിയപ്പെടുന്ന ഭാരതീയ ഗണിത ശാസ്ത്രജ്ഞൻ?

22. അനന്തതയെകുറിച്ച് ധാരാളം പഠനം നടത്തിയ ഒരു ഗണിതശാസ്ത്രജ്ഞൻ?

23. ഒരു പദം മാത്രമുള്ള പോളിനോമിയൽ?

24. അമ്പതിനെ സൂചിപ്പിക്കുന്ന റോമൻ സംഖ്യ ?

25. വിശേഷക ജാമിതിയുടെ പിതാവായി അറിയപ്പെടുന്ന ഗണിത ശാസ്ത്രജ്ഞൻ ആരാണ്?

26. മില്ലേനിയം എന്ന് പറഞ്ഞാൽ എത്ര വർഷമാണ്?



27. റിലേറ്റിവിറ്റി സിദ്ധാന്തം വികസിപ്പിച്ചത് ആരാണ്?

28. ദശാംശ ബിന്ദു കണ്ടുപിടിച്ചതാരാണ്?

29. ലോഗരിതം വികസിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ഗണിതശാസ്ത്രജ്ഞൻ ആരാണ്?

30. ഒരു ട്രില്ലിൻ എത്രയാണ്?

31. സൈബർ നെറ്റിക്സ് എഴുതിയത് ആര്?

32. ആദ്യത്തെ കമ്പ്യൂട്ടർ ശാസ്ത്രജ്ഞൻ ആര്?

33. ആരാണ് ഗ്രാഫ് കണ്ടുപിടിച്ചത്?







# ഉത്തരങ്ങൾ

1. ലീലാവതി
2. 1729
3. വില്ല്യം ലിബ്നിഡ്
4. ഡോ. എഡ്വേഡ് കേസ്നർ




5. കൈറ്റ്
6. ബ്ലെയ്സ് പാസ്കൽ
7. ശ്രീപതി
8. ഥേൽസ്
9. ഒരു പ്രാവശ്യം



10. M
11. ലിയോനാർഡ് ഓയ്ലർ
12. $11^{11}$
13. എലിമെന്റ്സ്
14. C
15. ഥേൽസ്



16. കാൾ ഫ്രെഡറിക് ഗോസ്
17. റെനെ ദെക്കാർത്ത
18. ജോർജ് കാൻറർ
19. ലിമക്കൺ
20. കോഷി
21. ശകുന്തളാദേവി



22. ജോർജ് കാൻറർ
23. മോണോമിയൽ( ഏക പദം)

24. L

25. റെനെ ദെക്കാർത്ത

26. 1000

27. ആൽബർട്ട് ഐൻസ്റ്റീൻ

28. ജോൺ നേപ്പിയർ

29. ബ്രിഗ്സ്

30. $10^{12}$

31. വീനർ എൻ


32. അഡ ബൈറൺ ലൗലിസ്

33 ഡെസ്കാർട്ട്സ്









# ഓർമ്മിക്കാൻ മോതിരം

സമ്പാ: DIKIL DEVASIA
IX A

ഹോജയ്ക്ക് പണക്കാരനായ ഒരു ചങ്ങാതിയുണ്ടായിരുന്നു അബ്ദുള്ള. ഒരിക്കൽ അയാൾ കച്ചവട കാര്യങ്ങൾക്കായി ദൂരയാത്ര നടത്താൻ തീരുമാനിച്ചു.

ഹോജയോട് യാത്ര പറയാനായി അബ്ദുള്ള വന്നു സംസാരിക്കുന്നതിനിടെ അയാൾ അതു കണ്ടു. ഹോജയുടെ വിരലിൽ ഒരു സ്വർണമോതിരം.

അത്യാഗ്രഹിയായ ആ കച്ചവടക്കാരൻ പറഞ്ഞു ഇവിടെനിന്നു പോയാലും എനിക്ക് ഹോജയെ ഓർമിക്കണം. അതിനുവേണ്ടി ആ മോതിരം ഇങ്ങു തരൂ. അതുകണ്ടാൽ എനിക്കു തന്നെ ഓർമ്മ വരുമല്ലോ.

തട്ടിപ്പു മനസ്സിലായ ഹോജയും വിട്ടുകൊടുത്തില്ല. എന്റെ അബ്ദുള്ള, ഈ മോതിരം എന്റെ വിരലിൽ തന്നെ കിടക്കട്ടെ. താൻ ഇത് ചോദിച്ചതും ഞാൻ തരാതിരുന്നതുമെല്ലാം ഇതുകാണുമ്പോൾ എനിക്ക് ഓർമ വരും. അങ്ങനെ എനിക്ക് എപ്പോഴും തന്നെ ഓർക്കാമല്ലോ.



# പൊതുവിജ്ഞാനം

അമൃതേഷ് സുഭാഷ് IX A

1. ഏറ്റവും ആഴമേറിയ സമുദ്രം ?
2. അഗ്നിപർവ്വതങ്ങൾ കാണപ്പെടാത്ത ഭൂഖണ്ഡം ?
3. സാധാരണഗതിയിലുള്ള ഹൃദയമിടിപ്പ് എത്ര?
4. ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യം?
5. ഒളിമ്പിക്സ് പതാകയിലെ വൃത്തങ്ങളുടെ എണ്ണം?
6. ഓറഞ്ചിൽ അടങ്ങിയിരിക്കുന്ന ആസിഡ്?
7. പാകിസ്ഥാൻ എന്ന വാക്ക് ആദ്യം നാമകരണം ചെയ്തത്?
8. ആദംസ് ആപ്പിൾ ചെയ്യുന്നത് ശരീരത്തിലെ ഏതു ഭാഗത്താണ്?

## ഉത്തരങ്ങൾ

1. പസഫിക്
2. ഓസ്ട്രേലിയ
3. 72 മിനിറ്റ്
4. കാനഡ
5. 5
6. സിട്രിക് ആസിഡ്
7. റഹ്മത്ത് അലി
8. കണ്ഠം

# എന്റെ ഗ്രാമം

ഇമ്മാനുവൽ ബൈജു 8E

കുന്നും മലയും കാടും മേടും

നിറഞ്ഞൊരെൻ ഗ്രാമം

പ്രകൃതിഭംഗിയാൽ നിറഞ്ഞു നിൽക്കും

കൗതുകമാണീ ഗ്രാമം

ഇരവഞ്ഞിപ്പുഴ കുളിർമ്മ നൽകും


അരുമയാണീ ഗ്രാമം

ഫലവൃക്ഷാദികൾ നിറഞ്ഞു നിൽക്കും

കൗതുകമാണീ ഗ്രാമം

അധ്വാനിക്കും മനുജർക്കെല്ലാം

ആശ്രയമാണീ ഗ്രാമം



# മേഘങ്ങളിൽ ചെന്ന് രാപാർക്കാം..

ഹെബ്സിബ ബെന്നി IX D

എനിക്കിഷ്ടം, സൂര്യന്റെ അരികിൽ പറ്റിപ്പിടിച്ച്, കുറച്ച് നിറം എനിക്ക് കൂടി തരുമോ എന്ന രീതിയിൽ നാണം കുണുങ്ങി നിൽക്കുന്ന, സൂര്യന്റെ ചുവപ്പുനിറം കവർന്നെടുത്ത, മേഘങ്ങളെയാണ്. ചുവപ്പും, കുങ്കുമവും, മഞ്ഞയും ഒക്കെ കൂടിയ നിറം. പറ്റെ വൈകുന്നേരമാകുമ്പോഴാണ് അവയെ കാണാനാവുന്നത്. അതും ചില ദിവസങ്ങളിൽ മാത്രം.ആ മേഘങ്ങളെ കാണുമ്പോൾ അറിയാതെ തന്നെ അതിലേക്ക് നോക്കിനിന്നുപോകും.

നേരം കുറച്ച് ഇരുണ്ട് കഴിയുമ്പോൾ കറുപ്പും, കരിനീലയും ഇടയ്ക്ക് ഒരു പൊടി വെള്ളയും...എല്ലാത്തിനും ഒത്ത നടുക്ക് ചുവന്ന മേഘങ്ങൾ ഞാനൊന്നും കണ്ടിട്ടില്ല എന്ന ഭാവത്തിൽ സൂര്യന്റെ മറവിൽ കണ്ണുപൊത്തിക്കളിക്കുന്നത് കാണാം. അപ്പോൾ എനിക്ക് തോന്നും ഒരു ചിറകുണ്ടായിരുന്നെങ്കിൽ പറന്നുപോയി ആ ചുവന്ന മേഘത്തിന്റെ ഒരു പാളി എടുത്തു കൊണ്ടു വന്നിട്ട് വായിലിട്ട് നുണയാൻ കഴിഞ്ഞിരുന്നെങ്കിൽ!

അതുപോലെതന്നെ ചെമ്മാനം പൂക്കുന്നത് കാണാൻ എന്ത് ഭംഗിയാണെന്നോ!! ആ ചുവന്ന മേഘങ്ങൾ ആകാശത്തെ അതിസുന്ദരിയാക്കുന്നു.. പൊന്നിൽ കുളിച്ച നിൽക്കുന്ന ഒരു കല്യാണപ്പെണ്ണിനെ പോലെ അതീവ സുന്ദരിയായി പുഞ്ചിരിയോടെ നിൽക്കുന്ന ആകാശത്തെ എനിക്ക് കാണാൻ കഴിയും. ചുവന്ന മേഘങ്ങൾക്ക് പോകാൻ തിടുക്കം ഇല്ല. അവർ താപം നൽകാതെ ഭൂമിയിലേക്ക് ആവശ്യത്തിലധികം പ്രകാശം പരത്തുകയാണ്. അവൻ നേരം ഇരുളുമ്പോൾ പയ്യെപ്പയ്യെ മാഞ്ഞു മറയുന്നു.

# ചരിത്രക്വിസ്

ഷെബിൻ സെബാസ്റ്റ്യൻ IX D

1.ജാതിക്കുമ്മി എന്ന കൃതി രചിച്ച സാമൂഹ്യ പരിഷ്കർത്താവ്?
2.S N D P സ്ഥാപിതമായ വർഷം?
3.വരിക വരിക സഹജരേ എന്ന ഗാനത്തിന്റെ രചയിതാവ്?
4.ക്ഷേത്രങ്ങളോടൊപ്പം വിദ്യാലയം സ്ഥാപിക്കുക എന്ന ആശയം അവതരിപ്പിച്ച വ്യക്തി?
5.കൊച്ചി പുലയ മഹാസഭയുടെ സ്ഥാപകൻ?
6.അദ്വൈത ചിന്താപദ്ധതി എന്ന കൃതിയുടെ രചയിതാവ്?
7.ജാതി വേണ്ട,മതം വേണ്ട, മനുഷ്യൻ മാത്രം ആരുടെ വാക്കുകളാണിവ?
8.ആത്മാനുതാപം എന്ന കൃതി രചിച്ചത്?
9.S N D P യുടെ സ്ഥാപകൻ?
10.ഒന്നാം കേരള നിയമസഭ രൂപീകരിച്ചത് എന്ന്?
11.ക്ഷമ ഭീരുക്കളുടെയല്ല,ധീരന്മാരുടെ ആയുധമാണ് ആരുടെ വാക്കുകളാണിവ?
12.1837 ൽ തിരുവിതാംകൂറിൽ വാനനിരീക്ഷണ കേന്ദ്രം സ്ഥാപിച്ചത് ആര്?
13.ജീവന് ജാതിയില്ല, ജീവൻ സത്താണ് ആരുടെ വാക്കുകൾ?
14.വിവേക ചൂഡാമണി എന്ന കൃതി രചിച്ചത് ആര്?
15.ചിരസ്മരണ എന്ന കൃതി രചിച്ചത് എന്തിനെ ആസ്പദമാക്കിയാണ്?

## ഉത്തരങ്ങൾ

1.പണ്ഡിറ്റ് കെ പി കറുപ്പൻ
2.1903
3.അംശി നാരായണൻപിള്ള
4.ശ്രീ നാരായണഗുരു
5.പണ്ഡിറ്റ് കെ പി കറുപ്പൻ
6.ചട്ടമ്പി സ്വാമികൾ
7.സഹോദരൻ അയ്യപ്പൻ
8.വി.ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ
9.ഡോ.പൽപ്പു
10.1957 ഏപ്രിൽ 1
11.മഹാത്മാ ഗാന്ധി
12.സ്വാതി തിരുനാൾ



# ഗാന്ധിജിയുടെ പ്രകൃതിചിന്തകൾ

അഭിനന്ദ് എം.എം. X E



നമ്മുടെ രാഷ്ട്രപിതാവ് പ്രകൃതിയെ നന്നായി ഇഷ്ടപ്പെട്ടിരുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അദ്ദേഹം വളരെ ആഴത്തിൽ തിരിച്ചറിഞ്ഞിരുന്നു.

നമ്മുടെ പൂർവികരിൽനിന്ന് കൈമാറി വന്നവയല്ല ഭൂമി , മണ്ണ് ജലം വായു എന്നിവ... മറിച്ച് തലമുറയിൽ നിന്ന് കടമെടുത്തതാണ്. അവർക്ക് അത് ഇന്നുകാണുന്ന അവസ്ഥയിൽ എങ്കിലും നൽകേണ്ടതുണ്ട്.

ഭൂമിയിലെ എല്ലാ ജീവജാലങ്ങളും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. അവ തമ്മിൽ നല്ല സഹകരണവുമുണ്ട്.. മനുഷ്യൻ മറ്റു സഹജീവികളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും വേണം.. നദികളും ജലാശയങ്ങളും വായുവും മലിനമാക്കുന്നത് ഗാന്ധിജി എതിർത്തിരുന്നു.

**എല്ലാവർക്കും വേണ്ടത് ഭൂമിയിലുണ്ട്. എന്നാൽ ആരുടെയും അത്യാർത്തിക്കു വേണ്ടതില്ല**

**സ്വന്തം ജീവിതത്തിലൂടെ പ്രകൃതി സംരക്ഷണ സന്ദേശം പ്രാവർത്തികമാക്കി കാണിച്ചു തന്ന മഹാനാണ് ഗാന്ധിജി........**

# അമ്മ

*മന്യ മനോജ് 8A*

എന്നമ്മയാണെന്റെ ഇഷ്ടദൈവം
സ്നേഹം പകർന്നു തരുന്ന ദൈവം
എന്നെടെയിംഗിതമൊക്കെയറിഞ്ഞിട്ട്
വേണ്ട പോലൊക്കെയും തന്നീടുന്നു.
എന്റെ കണ്ണൊന്നുനിറഞ്ഞുപോയാൽ
വാരിപ്പുണർന്നുമ്മ നൽകുമമ്മ.
അച്ഛനുമമ്മയും സോദരുമൊക്കെ
എന്നെന്നും സ്നേഹത്തിൻ പ്രതീകമാണ്.
എങ്കിലും അമ്മയോടെനിക്ക്
സ്നേഹമൊരിത്തിരിയേറെയാണ്.



# എന്റെ മനസ്സിലെ ഗ്രാമം

ടീന തോമസ്
VIII A

പ്രകൃതിരമണീയമായ ഒരു ഗ്രാമം. കാലിമേയ്ക്കുന്നവരും കച്ചവടക്കാരും. അടുത്തെങ്ങും വിദ്യാലയം ഇല്ലാത്തതിനാൽ കളിച്ചു രസിക്കുന്ന വിദ്യാർത്ഥികൾ. വലിയ വലിയ മാളികകൾ കുറച്ചേയുള്ളൂ.

കുടിലുകളാണ് കൂടുതലും. പാടത്തിനു പറമ്പിലൂടെ മാതാപിതാക്കൾക്ക് ഒരു ചെറിയ പാത്രത്തിൽ ചോറു കൊണ്ടുപോകുന്ന പെൺകുട്ടികൾ. നെല്ല് നടാത്ത ചെളിനിറഞ്ഞ പാടശേഖരത്ത് സന്ധ്യാസമയത്ത് കളിച്ചു രസിക്കുന്ന കുട്ടികൾ. സന്ധ്യാസമയം ആകുമ്പോഴേക്കും നാമം ചൊല്ലാൻ വേണ്ടി അമ്മമാർ കുട്ടികളെ ആർത്തുവിളിക്കുന്നു. രാത്രി തണുപ്പിൽ തറയിൽ ഒരു പായയിൽ ക്ഷീണിച്ചു ഉറങ്ങുന്ന മാതാപിതാക്കൾ. അവരെപ്പോലെ കളിച്ചു ക്ഷീണിച്ച് ഉറങ്ങുന്ന കുട്ടികൾ......





# സൗഹൃദം

അനൽ തോമസ് 8E

ഒന്നിച്ചു കൈകൾ പിടിച്ച് നാം
ഒരു മനമോടെ നടന്ന കാലം.
നമ്മുടെ സൗഹൃദനാളുകൾ..
ഓർത്തു കരഞ്ഞു പോയ് ഞാൻ.
എൻ സന്തോഷമപ്പാടെ
വിട്ടുപോയ് എന്നെയും.
സൗഹൃദമെന്നത് എന്റെ ജീവൻ,
കരളിന്നകത്തെ ചോരത്തുടിപ്പുകൾ.
ഓർത്തിടുന്നു ഞാനാക്കാലം
ജീവനെപ്പോലെനിന്നെ
സ്നേഹിച്ചിരുന്നൊരാ പോയ കാലം........




# KNOWLEDGE

*JEEVAN BINU VIII D*



*Oh,my almighty*
*such a time in the water*
*I learn lot of things ,*
*which is not written by my friend*
*in my wings*
*I feel many things*
*never felt*
*I see many things*
*which never seen*
*Oh such an experience*
*the flood rendered me*
*I see the power,*
*Of the unity*
*I see the real man*

*Who cares, helps*
*Rescues, supportsloves and finally*
*I learn a lesson, that*
*I cannot teach everything*
*I cannot show all the things*
*Even, book like me perish*
*Experiences teach man*
*Prejudices have gone!*
*It is knowledge!*
*It is wisdom!*
*Flood and mud wipes out*
*Boarders and securities*
*Everything vanished*
*But unity exist forever*



# FRINGE BENEFITS

Abhishek Johns
IX D




**What are fringe benefits?**
Fringe benefits are benefits in addition an employee's wages ,like a company car, health insurance. Any benefits you offer employee's in exchange for their service(not including salary)is a fringe benefits.

**Types of fringe benefits**:-

- Payment for time not worked.
- Employee security.
- Safety and health.
- Workmen's compensation.
- Health benefits.
- Voluntary arrangements.
- Old age and retirement benefits- are some types of fringe benefits.
- Medical and Dental insurance.
- Education assistance.
- Vacation and vacation pay.
- Sick days and sick pay.
- Free drink,meal and snacks.
- Wellness like (paying for a gym membership).
- Permission to keep your frequent flyer points and card rewards earned on business trip which can be used for private trips.

**Advantages of fringe benefits**:-

No additional tax is paid on fringe benefits as they do not involve money.
They can be used to encourage employees to work harder.
voluntary benefits:- are offered but are paid completely or mostly by employees through payroll deferral traditional voluntary benefits include Life Insurance,vision, dental, disability, cancer all critical illness insurance and accident insurance.

**Disadvantages of fringe benefits**:-
The employees has no choice on how they are spent.
benefits are lost when an employee leaves the job.
small companies do not have human resources support.

many employees do not understand what is being offered to them or don't take advantages of packages offered to them.

**How to value fringe benefits**:-

For employers and employees, fairly valuing benefit is an important task.

For employers valuing company perks and benefits is needed to recognise the total value of any and all compensation that will keep you in compliance and give you a road map for just how much providing fringe benefits will cost with future employees.

**Why do companies offer fringe benefits**:-

Employers load up on fringe benefits because they have to – it's simply the coast of doing rebuilding kerala after flood drawingbusiness and remaining competitive in their industry.

Talented career professionals have all kinds of employment. Landing spots especially since the economy has been on the upswing to attract that talent companies have to offer lucrative employment compensation package that includes an ample salary most -or all-of the fringe benefits.

**Five Reasons Why Fringe Benefits Are So Important To Workers.**

Besides earning more financial benefits (which are always appealing to workers.)

Why are fringe benefits so important to career professionals?



1. Happier and more productive workers.

Study after study shows that the more employee benefits a career professional receives, the happier and better they are on the job.

2. Healthier workers.

Access to good health insurance coverage and wellness programmes will have you feeling better and doing the types of things that will lead to a longer life expectancy.

3. Opportunities for career advancement.

Getting fringe benefits like job training and educational assistance will give new skills that can be put to work in your own vocation and can lead to promotions, higher salaries and better-paging posts down the road.

4. Save on Auto payments and vehicles insurance.

If you are fortunate enough to be given a company car,you will not only save thousands of dollars on auto payments every year,you will save big on vehicle insurance and maintenance too.

5. Saving money on meals.

Companies that provide free meals or discounts are a boon to career professionals who love to eat well and save money. The more free meals you consume in the workplace,the less you were paying for breakfast, lunch or even dinner away from the job.



# ക്വിസ് ലോകം

അനുശ്രീ എൻ ബി IX A


1.ലോകത്തിലെ ഏറ്റവും വലിയ ഭരണഘടനയുള്ള രാജ്യം ഏതാണ്?
2.മുഗൾ വംശത്തിലെ ഭരണഭാഷ ഏത്?
3.മലബാറിൽ ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ആര്?
4.കേരളത്തിലെ ലിങ്കൻ എന്നറിയപ്പെട്ടുന്നതാര്?
5.ലോക്സഭയിലെ ആദ്യത്തെ സ്പീക്കർ ആരാണ്?
6.ലോകത്തിലെ ആദ്യത്തെ സർവകലാശാല ഏത്?
7.ബേക്കൽ കോട്ട പണികഴിപ്പിച്ചത് ആര്?
8.ലോകത്ത് ഏറ്റവും കൂട്ടതൽ സിനിമകൾ നിർമിക്കുന്ന രാജ്യം?
9.ഇന്ത്യയിലെ ആദ്യത്തെ ഇക്കോട്ടൂറിസം പദ്ധതി ഏത്?
10.എവറസ്റ്റ് കീഴടക്കിയ ഏറ്റവും പ്രായമുള്ള വനിത ?
11.ശകവർഷകലണ്ടറിലെ ആദ്യത്തെ മാസം ഏതാണ്?
12.ഇന്ത്യയിലെ ആദ്യത്തെ വർത്തമാനപത്രം?
13.ഭാരതരത്ന പുരസ്കാരം ലഭിച്ച ആദ്യത്തെ വനിത ?
14.ഇന്ത്യയിലെ ഏറ്റവും നീളംകൂടിയ അണക്കെട്ട് ?
15.ഏത് സംസ്ഥാനത്തെ കലാരൂപമാണ് 'തമാശ' ?
16.ശാസ്ത്രത്തിൽ നോബൽ നേടിയ ആദ്യ ഇന്ത്യക്കാരൻ?
17.ഒളിമ്പിക്സ് മെഡൽ നേടിയ ആദ്യ ഇന്ത്യൻ വനിതാ കായികതാരം ?
18.ഇടുക്കിയുടെ ആസ്ഥാനമേത്?
19.വനിത സാക്ഷരത ഏറ്റവും കൂട്ടതലുള്ള ഇന്ത്യൻ സംസ്ഥാനം ഏത്?
20.പ്ലാസ്റ്റിക് നിരോധിച്ച ആദ്യത്തെ സംസ്ഥാനം ഏത്?
21.രാമകൃഷ്ണമിഷൻ ആരംഭിച്ചത് ആര്?
22.മികച്ച നടനുള്ള ആദ്യത്തെ ഫിലിം അവാർഡ് നേടിയതാര്?
23.ഏഷ്യൻ ഗെയിംസിലെ ആദ്യത്തെ ഭാഗ്യചിഹ്നം ?
24.ഡൽഹി ഭരിച്ച ആദ്യത്തെ വനിത ?
25.രണ്ടുതവണ ഇന്ത്യൻ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഏക വ്യക്തി ?
26.ലോകത്തിലെ ഏറ്റവും സമ്പന്നമായ ക്ഷേത്രം ഏത് ?
27.ഇന്ത്യയിലെ ആദ്യത്തെടെലിവിഷൻ **സീരിയൽ** ഏതാണ്?
28.ഇന്ത്യയിൽ സിംഹങ്ങളുള്ള ഒരേയൊരു വനം.
29.ഏറ്റവും കൂട്ടതൽ വിമാനത്താവളങ്ങളുള്ള സംസ്ഥാനം.
30.പഞ്ചതന്ത്രം രചിച്ചതാര് ?

# ഉത്തരങ്ങൾ

| | |
|---|---|
| 1.ഇന്ത്യ | 16.സി വി രാമൻ |
| 2.പേർഷ്യൻ | 17.കർണം മല്ലേശ്വരി |
| 3.കെ കേളപ്പൻ | 18.പൈനാവ് |
| 4.പണ്ഡിറ്റ് കെ പി കറുപ്പൻ | 19.കേരളം |
| 5.ജി വി മാവലങ്കർ | 20.സിക്കിം |
| 6.തക്ഷശില | 21.സ്വാമി വിവേകാനന്ദൻ |
| 7.ശിവപ്പ നായക | 22.ദിലീപ് കുമാർ |
| 8.ഇന്ത്യ | 23.അപ്പു എന്ന ആന |
| 9.തെന്മല | 24.റസിയ സുൽത്താന |
| 10.സംഗീത എസ് ബാൽ | 25.ഡോക്ടർ രാജേന്ദ്ര പ്രസാദ് |
| 11.ചൈത്രം | 26.ശ്രീപദ്മനാഭസ്വാമിക്ഷേത്രം |
| 12.ബംഗാൾ ബംഗാൾ ഗസറ്റ് | 27.ഹം ലോഗ് |
| 13.ഇന്ദിരാഗാന്ധി | 28.ഗിർ വനങ്ങൾ |
| 14.ഹിരാക്കുഡ് | 29.ഗുജറാത്ത് |
| 15.മഹാരാഷ്ട്ര | 30.വിഷ്ണു ശർമ |







# കർക്കിടകപ്പേമാരിയിൽ
# ഒലിച്ചുപോയ ജീവിതങ്ങൾ.......

അഫ്രീന പി ബി VIII B

നമ്മുടെ നാടിനെ പ്രളയം വിഴുങ്ങി
നാടിന്റെ രീതികൾ മാറ്റിമറിച്ച
നാടിന്റെ വീചികൾ ഇല്ലാതായി
മനുഷ്യന്റെ ജീവിതം ഇല്ലാതെയായി


മനുഷ്യന്റെ ദുഷ്ടതയേറി വന്ന
പ്രളയത്തിൽ നാമെല്ലാം മുങ്ങി നശിച്ച
ജാതിയും മതവും വിവേചനമില്ല
മനുഷ്യരെല്ലാവരും ഒന്നായിമാറി
ഹിന്ദുവും ക്രിസ്ത്യനും മുസൽമാനുമെല്ലാം
ഒന്നാക്കി മാറ്റിയ പ്രളയമേ നന്ദി
പ്രളയമേ നിനക്കു നന്ദി



# *Equations of life*


Pavin Gigi IX E

We can create an equation relating life and love.
If there is love in our life we will be happy .
Then we can write the equation as:
life + love =happiness
If we love nobody ,and there is no one to love us ,
Then our life will be useless and horrible.
Then we can write the equation as:
life-love=sorrow
when we add botth equations we get
life+love+life-love=happiness+sorrow
life=(happiness+sorrow)/2
ie,life=1/2happiness+1/2sorrow



# ഒരു നാട്ടുസല്ലാപം

*painting by* *ADITHYA T RAJ*
*3RD PRIZE WINNER*
*DIGITAL PAINTING*





# ഓർമ്മപൂക്കൾ

ആൽഡ്രിൻ ജോസഫ് ഷാജു IX E



മിഴിനീരിൽ അലിഞ്ഞു ഇഴചേരുന്ന
സങ്കടം ഉണ്ടായിരുന്നുവെങ്കിൽ
എന്ന് ആഗ്രഹിച്ചുപോകുന്നു....
ഇരുളിൻ മഹാനിദ്രയിൽ നിന്നുണർത്തി നീ.
നിന്റെ ഓർമ്മകളിൽ വീണ്ടടഞ്ഞ്
പിടയുന്നു എൻ ഹൃദയം.
ജീവിതമെന്ന മഹാസാഗരത്തിന്റെ
ഒരു വലിയ ഓർമ്മപ്പെടുത്തലാണ്.
ഓർമ്മയ്ക്ക് മങ്ങലേറ്റിട്ടില്ല എന്ന് ഓർമ്മിപ്പിച്ച്
ഇപ്പോഴും ഓർക്കാറുണ്ട്.
ഓർമകളെ കുറിച്ച് എഴുതുമ്പോൾ
മാത്രം കവി ആകുന്ന ഒരു ആത്മാവ്
ഇന്നും ഈ ഭൂമിയിൽ എവിടെയെന്ന്
ഇല്ലാതെ അലയുകയാണ്.
മഴയായി ഞാൻ പെയ്തിടാം...
കാറ്റായി നീ തഴുകുമെങ്കിൽ...
ഓർക്കുമോ നീയെന്നെ ഒരിക്കലെങ്കിലും?

# ജീവിതത്തിലെ മുറിപ്പാടുകൾ

സിൽവിന PA IX E



അച്ഛന്റെ ശബ്ദം കേൾക്കാതെ ഉണ്ണിമോൾക്ക് ഉറങ്ങാൻ കഴിയില്ല. അച്ഛന്റെ മരണം അവളെ ദുഃഖത്തിലാഴ്ത്തി. ഉറങ്ങാൻ കിടന്നാൽ അച്ഛൻറെ ഓർമ്മ അവളെ തളർത്തും.

അവളുടെ ജീവിത വിജയം എന്ന് പറയുന്നത് അവളുടെ അച്ഛനായിരുന്നു. അമ്മയുണ്ടായിട്ടും ഉണ്ണി മോൾക്ക് അച്ഛനോട് ആയിരുന്നു കൂടുതൽ സ്നേഹം. അച്ഛൻ ജോലിക്ക് പോയി തിരിച്ച് വന്നാൽ ഉണ്ണി മോൾക്ക് വളകളും പൊട്ടും ഒക്കെ കൊണ്ടുവരുമായിരുന്നു.

അമ്മ  നേഴ്സ് ആണ്. അതിനാൽ രാത്രി ഒക്കെ ഡ്യൂട്ടി ഉണ്ടാകും. ഉണ്ണിമോൾ സ്കൂൾ വിട്ടുവന്നാൽ അച്ഛനായിരിക്കും അവളെ കാത്ത് വീട്ടിൽ ഉണ്ടാവുക. കുളിപ്പിച്ച് വസ്ത്രം ഇടീപ്പിച്ച് അവളെ സുന്ദരിയാക്കും.. അവൾക്ക് ചായ ഉണ്ടാക്കി കൊടുക്കും. അവൾ അത് കുടിച്ച് അച്ഛനോട് സ്കൂളിൽ നടന്നതൊക്കെ പറഞ്ഞുകൊടുക്കും. ഉണ്ണി മോൾക്ക് ചോറ് വാരി കൊടുക്കുന്നത് അച്ഛനായിരുന്നു. അച്ഛൻ കഥ പറഞ്ഞ് അവളെ ഉറക്കും.

ഉണ്ണിമോൾ ഒരു പാവമായിരുന്നു കൂടാതെ അവൾ സുന്ദരിയായിരുന്നു. അച്ഛൻ കടയിൽ പോകുമ്പോൾ ഉണ്ണിമോളെയും കൊണ്ടുപോകും. അവൾക്ക് വേണ്ട സാധനങ്ങൾ വാങ്ങി കൊടുക്കും. എന്നാൽ രാത്രി അച്ഛൻ കടയിൽ പോകുമ്പോൾ ഉണ്ണിമോളെ കൊണ്ടുപോകില്ല. രാത്രിയെ അച്ഛൻ വരാതെ അവൾ ചോറ് തിന്നുകയുമില്ല. ഉണ്ണി മോൾക്ക് അച്ഛനെ ജീവന് തുല്യം ആയിരുന്നു. അച്ഛനില്ലാതെ അവൾ എങ്ങോട്ട് പോവുകയില്ല.   അവൾക്ക് അച്ഛനോട് എങ്ങനെയായിരുന്നോ? അങ്ങനെയായിരുന്നു അച്ഛന് അവളോടും. അമ്മയുടെ വീട്ടിൽ പോകാൻ തന്നെ ഉണ്ണി മോൾക്ക് മടിയായിരുന്നു. കാരണം അച്ഛൻ അവിടെ ഒറ്റക്കല്ലേ എന്ന

ചിന്ത അവളെ തളർത്തുമായിരുന്നു. ഉണ്ണിമോൾ ഒന്നു വീണാൽ അച്ഛന് ഓടിയെത്തും. അവൾക്കൊരു പനിവന്നാൽ അച്ഛൻ തളർന്നുപോകും. അച്ഛൻറെ ഇടനെഞ്ചു ഒന്നു പൊള്ളും. നാട്ടുകാർക്കൊക്കെ പ്രിയപ്പെട്ടവനായിരുന്നു ഉണ്ണിമോളുടെ അച്ഛൻ അങ്ങനെ എല്ലാവരോടും നന്മയോടെ പെരുമാറിയ ഒരാൾ.

ഒരിക്കൽ ഉണ്ണിമോൾ സ്കൂൾ വിട്ടു വന്നപ്പോൾ വീടിനു ചുറ്റും ആളുകൾ. വീട്ടിൽനിന്ന് കരച്ചിലും ബഹളവും. ഉണ്ണിമോൾ അകത്തു കയറിയപ്പോൾ അവളുടെ അച്ഛന്റെ ചേതനയറ്റ ശരീരം കണ്ട് അവൾ നിലത്തുവീണു. അവളെ അമ്മ ചേർത്ത് പിടിച്ചു. അവൾക്ക് കരച്ചിലടക്കാനായില്ല.

അച്ഛൻറെ ശബ്ദവും ചിരിയും അവളെ വല്ലാതെ തളർത്തി. അവളുടെ ജീവിതത്തിൽ ഒരു മുറിപ്പാട് പോലെ .

പഴയ ഉണ്ണിമോൾ, അച്ഛന്റെ സുന്ദരിക്കുട്ടി ആകെ അവശയായി . അച്ഛനെ അടക്കിയ ശേഷം അവൾ വിതുമ്പുകയാണ്. അച്ഛനെ അടക്കിയ സ്ഥലത്ത്, അച്ഛൻ എഴുന്നേറ്റ് ഉണ്ണിമോളെ മാടി വിളിക്കുന്നതായി അവൾക്ക് തോന്നുന്നു. അച്ഛൻ മരിച്ചിട്ടില്ല ,അവൾ അച്ഛനെ കാണുന്നുണ്ട്. അവൾ വിളിക്കുകയാണ്." ഉണ്ണിമോളുടെ അച്ഛൻ മോളെയും കൊണ്ടുപോ.." എന്ന് .






# Digital Paintings


















# നന്ദി

കലയുടെയും സാഹിത്യത്തിന്റെയും

വെള്ളിവെളിച്ചം വിതറുന്ന
സൃഷ്ടികൾക്കിടയിലേക്ക്
ഈ വിദ്യാലയത്തിലെ കുരുന്നുകളുടെ
വാക്കും വരയും ഒരു മിന്നാമിനുങ്ങിന്റെ
നുറുങ്ങുവെട്ടം പോലെ സമർപ്പിക്കുന്നു.
സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും
മറ്റു വിദ്യാർത്ഥികൾക്കും ഉള്ള നന്ദി
വാക്കുകളിൽ ഒതുക്കാൻ വയ്യ.
പരിമിതമായ സാഹചര്യങ്ങളിൽ
ഒതുങ്ങി നിന്നു കൊണ്ടുള്ള ഈ
പരിശ്രമം കുട്ടികൾക്ക് എന്നും
ഒരു പ്രചോദനമാവട്ടെ....